
Since 1976 വില ₹ 10

നവംബർ – ഡിസംബർ 2016

# ഐക്യദീപം
## Aikyadeepam



MERCIFUL LIKE THE FATHER

## കാരുണ്യം
## മഞ്ഞുപോലെ
## പൊഴിഞ്ഞ ഒരു വർഷം;
## ഓർമ്മിച്ചും ഓർമ്മിപ്പിച്ചും
## കടന്നുപോകുന്നു



ബോധന
തേനീച്ച വളർത്തൽ ഗവേഷണ, പരിശീലന കേന്ദ്രം
പുഷ്പഗിരി റോഡ്, തുകലശ്ശേരി, തിരുവല്ല - 1
Ph: 0469 2730561, 2606063,
e-mail : bodhanatiruvalla@gmail.com, web: www.bodhanatiruvalla.org
ലഭ്യമാകുന്ന സേവനങ്ങൾ
തേനീച്ചകൃഷിയിൽ ശാസ്ത്രീയ പരിശീലനം
ഗുണമേന്മയുള്ള തേനീച്ചകോളനികളുടെ വിപണനം
തേൻ ശേഖരണം
ഗുണനിലവാര നിർണ്ണയത്തിന് അഗ്മാർക്ക് ലാബ്
തേനീച്ചകൃഷിയ്ക്കാവശ്യമായ ഉപകരണങ്ങളുടെ വിപണനം
അഗ്മാർക്ക് സർട്ടിഫിക്കേഷനോടുകൂടി തേൻ വിപണനം
മൂല്യവർദ്ധിത തേൻ ഉല്പന്നങ്ങളുടെ ഉല്പാദനവും വിപണനവും
വിപണിയിൽ ലഭ്യമാകുന്ന പുതിയ രണ്ട് തേനുല്പന്നങ്ങൾ
തേൻ ആടലോടകം, തേൻ മഞ്ഞൾ
തേൻ ആടലോടകം :
ശരീരത്തിന് ആവശ്യമായ എനർജി നല്കുന്നു.
ചുമയും കഫക്കെട്ടും മാറ്റി രോഗപ്രതിരോധശേഷി
വർദ്ധിപ്പിച്ച് ആരോഗ്യം പ്രദാനം ചെയ്യുന്നു.
തേൻ മഞ്ഞൾ :
ശരീരത്തിൽ രക്തശുദ്ധീകരണവും
ശരീരത്തിൽ അടിഞ്ഞിരിക്കുന്ന
വിഷമാലിന്യങ്ങൾ നീക്കംചെയ്ത്
ത്വക്കിന് സംരക്ഷണം നല്കുകയും
പ്രതിരോധശേഷി വർദ്ധിപ്പിക്കുകയും
ചെയ്യുന്നു.
തിരുവല്ല സോഷ്യൽ സർവ്വീസ് സൊസൈറ്റി



# editorial

## എഡിറ്റോറിയൽ


ഇലകൾ കൊഴിഞ്ഞുതീരുവോളം നീ കൂടെയിരിക്കുക;..... ദൂരം അളക്കാതെ ഒപ്പം നടക്കുക.... കാലം പുഴപോലെ ഒഴുകട്ടെ.... ദേശാടനം കഴിഞ്ഞ് കാലചക്രം ഒരിക്കൽ തിരികെയെത്തുമ്പോൾ, ഇലകൾ കൊഴിഞ്ഞ ആ മരം നിന്റെ കൂട്ടിന്റെ ചൂടിൽ, നിന്റെ പ്രാർത്ഥനയിൽ തളിരണിഞ്ഞിട്ടുണ്ടാകും, അപ്പോൾ നീ ലോകത്തോട് വിളിച്ച് പറയുക; സ്നേഹത്തിന്റെ ഈ മരം കൊഴിഞ്ഞുപോകുവാൻ ഞാൻ അനുവദിക്കുകയില്ല.! അപരന്റെ തോളിൽ തട്ടി ഉരുവിടുവാനും അവന്റെ തകർന്ന ഹൃദയസ്പന്ദനത്തിൽ ഒരു സംഗീതം സൃഷ്ടിക്കുവാനും ഇതാ ഒരു മന്ത്രം, 'നീ കൊഴിഞ്ഞുപോകുവാൻ ഞാൻ അനുവദിക്കുകയില്ല' ഇതല്ലേ കാരുണ്യം ? സ്നേഹത്തിൽ വിടരുന്ന പരമമായ കാരുണ്യം.?

കാരുണ്യത്തിന്റെ അസാധാരണ ജൂബിലി വർഷത്തിൽ സഭ നമ്മെ പഠിപ്പിച്ചതും നാം പരിശീലിച്ചതും കൂടെയായിരിക്കാനാണ്. തന്നോടു കൂടെയായിരിക്കാൻ ശിഷ്യൻമാരെ തിരഞ്ഞെടുത്ത കർത്താവും ആഗ്രഹിച്ചത് അതുതന്നെയാണ്. രോഗത്തിൽ അവനൊപ്പം മരുന്നായും ഏകാന്തതയിൽ അവൾക്കൊപ്പം കൂട്ടായും കടഭാരത്തിൽ അവരോടൊപ്പം വിടുതലായും മാറുവാനുള്ള ക്രൈസ്തവമായ ഒരു എളിയ ശ്രമം. നിന്റെ കൂടാരത്തിലേക്ക് വൈകിവന്ന ഒരാളെകൂടി ക്ഷണിക്കുവാൻ നിന്റെ മേശയുടെ വിഭവസമൃദ്ധിയിലേക്ക് അവനേക്കൂടി ഇരുത്തുവാൻ, പരിമിതമെങ്കിലും നിന്റെ സൗകര്യങ്ങൾ അവനുമായി പങ്കുവെയ്ക്കുവാൻ ഹൃദയം തുടിക്കുന്നുവെങ്കിൽ അതാണ് കാരുണ്യം. ഔദാര്യമെന്ന മനോഭാത്തിൽ നാം കൊടുക്കുന്ന ചില്ലിക്കാശുകൾ പോലും അവന്റെ ആത്മാഭിമാനത്തെ ചോദ്യം ചെയ്യും, എന്നാൽ സ്വന്തമെന്ന ഭാവത്തിലാണ് കാരുണ്യം വിടരുന്നത്. ഈ അവസരത്തിലാണ് തിരുവല്ല അതിരൂപത കാരുണ്യവർഷ പ്രവർത്തനങ്ങളിലേയ്ക്ക് തിരിഞ്ഞുനോക്കുന്നത്. സ്ഥാപനങ്ങൾ, സംഘടനകൾ, ഇടവകകൾ എന്നിവയുടെ ലഭ്യമായ വിവരണങ്ങളുടെ അടിസ്ഥാനത്തിലാണ് ഈ ലക്കം പുറത്തിറക്കുന്നത്.

തനിച്ച് നടന്നാൽ അതിവേഗം സഞ്ചരിക്കാം... എന്നാൽ കൈകൾകോർത്ത് നടന്നാൽ നമുക്ക് അതിദൂരം യാത്രചെയ്യാം... ഏകനായി നടക്കുമ്പോൾ നിനക്ക് രണ്ട് പാദുകങ്ങൾ വേണം, കൂടെ നടക്കുമ്പോഴോ? അപ്പോഴും രണ്ടു ചെരുപ്പുകൾ പക്ഷെ, അവ നിന്റെ പാദങ്ങളിലായിരിക്കില്ല എന്ന് മാത്രം കാരണം അവളുടെ കാൽപാദം കല്ലിൽ തട്ടിയാൽ രക്തം പൊടിയുന്നത് നിന്റെ ഹൃദയത്തിലാവും. നീ എന്നോട് പറയൂ സ്നേഹത്തേപ്പറ്റിയും.... കാരുണ്യത്തേക്കുറിച്ചും... നിന്നരികിലിരുന്ന് നിശബ്ദനായി ഞാൻ കേൾക്കട്ടെ. ●

ഇടയശബ്ദം

**മോസ്റ്റ് റവ. ഡോ. തോമസ് മാർ കൂറിലോസ്**
**മെത്രാപ്പോലീത്തൻ ആർച്ചുബിഷപ്പ്**



# കാരുണ്യവർഷ സമാപനം



കാലത്തിന്റെ നാഡീസ്പന്ദനങ്ങൾ സ്പർശിച്ചറിഞ്ഞ അദ്ധ്യാത്മ ഭിഷഗ്വരൻ പരിശുദ്ധ ഫ്രാൻസിസ് പാപ്പാ കുറിപ്പടിയെഴുതി ലോകത്തിന് നിവേദിച്ച ഒറ്റമൂലിയാണ് കരുണയുടെ സവിശേഷമായ ഈ വർഷാചരണം. തിരുസഭാ മാതാവിന്റെ ഹൃദന്തം കരുണയെന്ന പരമപുണ്യത്താൽ പൂരിതമാണ്. അവളുടെ ആത്മ മണവാളൻ ക്രിസ്തുനാഥന്റെ ചങ്കിൽ നിന്നുർന്നൊഴുകുന്ന കാരുണ്യനിർത്സരി പാവനമായ തന്റെ കൈകക്കുടന്നയിൽ അവൾ ഏറ്റുവാങ്ങി നിലകൊള്ളുകയാണ്. താൻ ശാന്തശീലനും വിനീത ഹൃദയനുമാണെന്ന് വചനംകൊണ്ടും, കരുണാമയനാണെന്നു കർമ്മങ്ങൾകൊണ്ടും സാക്ഷ്യപ്പെടുത്തുകയും നിങ്ങൾ ഈ ഗുണപാഠങ്ങൾ എന്നിൽ നിന്നും ആവാഹിച്ച് അഭ്യസിക്കുവിൻ എന്നും കല്പിച്ച് അഖില ലോകജനത്തെയും കാരുണ്യപൂരിതരാക്കാൻ ജാഗരൂകനുമാണ് ദൈവപുത്രൻ. എന്നിട്ടും കരുണയുടെ നീരുറവകൾ വരളുകയും ആത്മീയ ഹരിതാഭ കരിഞ്ഞ് മരുവൽക്കരണം പടരുകയും ചെയ്യുന്നതിന്റെ ആപത് ദൃശ്യങ്ങൾ കണ്ട് ക്രിസ്തുവിന്റെ പ്രതിപുരുഷൻ പരിശുദ്ധ മാർപാപ്പാ ആത്മാവിൽ നെടുവീർപ്പിടുകയാണ്. പരിശുദ്ധാത്മ ഹേമങ്ങൾക്കു വിധേയനായി മാർപാപ്പാ തിരുമേനി ഒന്നേകാൽ ശതകോടി ശിഷ്യരെ മാത്രമല്ല, സകലരേയും കരുണയുടെ സജീവകരങ്ങളായി വർത്തിക്കുവാൻ മാടി വിളിക്കുകയും പ്രേരിപ്പിക്കുകയുമാണ്.

വ്യക്തികളും സമൂഹങ്ങളും തങ്ങളുടെ ജീവിതത്തിൽ അനിവാര്യമായി കരുതേണ്ട സമർപ്പണനിയോഗങ്ങളിൽ നിന്നും വഴുതിമാറി സ്വാർത്ഥ കലുഷമായ ഉല്ലസിത പാതകളിലേക്കു വഴിമാറുമ്പോൾ 'ഇതാണു വഴി... ഇതിലേ പോവുക...' സ്വർഗരാജ്യത്തിലേക്കുള്ള ചൂണ്ടുപലകയായി പാപ്പാ നിലകൊള്ളുകയാണ്. സ്വാർത്ഥയുടെ ദുഷ്കൃതികളാൽ സ്വന്തം ദേഹിയോടും, പരപീഢകളാൽ അപരനോടും, നാശോന്മുഖ കരങ്ങളാൽ കൊല്ലാക്കൊല ചെയ്തവരും തലമുറകൾക്ക് വാസയോഗ്യമാകാത്തവിധം തകർത്തു തരിപ്പണമാക്കുന്ന പ്രപഞ്ചത്തോടും കൊടുംക്രൂരത കാട്ടുന്ന നിഷ്ക്കരുണ വർത്തമാന യുഗത്തിന്റെ കിരാതസന്തതികൾക്കു നേരെയാണ് ഈ ധർമ്മസൂര്യന്റെ മാനിഷാദോക്തികൾ.

തിരുസിംഹാസനത്തിന്റെ ഈ കായകല്പചികിത്സ ഒരാണ്ടുകൊണ്ടു സാഫല്യം നേടുന്നതല്ല എന്ന തിരിച്ചറിവുള്ളവരാണു നാം. 'മഴ'യുടെ പര്യായമായ 'വർഷം' എന്ന അർത്ഥത്തിൽ ഊഷരഭൂവിനെ ഉർവ്വരതയിലേയ്ക്കു നയിക്കാൻ പ്രാപ്തമായ കാരുണ്യത്തിന്റെ മഹാവർഷത്തിനായി ആകാശത്തിന്റെ കിളിവാതിൽ മലർക്കെ തുറക്കപ്പെടുന്ന ദൈവിക ഇടപെടലിന്റെ കാലം എന്ന അർത്ഥമാണ് നാം കല്പിക്കേണ്ടത്.

അത്യുന്നതിന്റെ പാദോപധാനമായ ഈ പുണ്യഭൂമിയുടെ മേൽ ധനാർത്തി പൂണ്ട നരാധമന്മാർ കാട്ടുന്ന കാരുണ്യരഹിതമായ ധ്വംസനോദ്യമങ്ങളും പാപ്പായുടെ നെഞ്ചകത്തിൽ തീരാവേദനയായി കുരുങ്ങിക്കിടപ്പുണ്ട്. കാരുണ്യത്തെപ്പറ്റിയുള്ള ഗാഢമായ വീണ്ടുവിചാരത്തിലേക്ക് സർവ്വരുടെയും കർമ്മഗതികളെ ഏകോപിപ്പിച്ച് ഈ വിശ്വസമക്ഷം ഉരുകിയെരിയാൻ നമുക്കു കഴിയണം. അത്തരമൊരു പുനരർപ്പണത്തിനായുള്ള ശംഖനാദമാണ് പാപ്പാ, വിശുദ്ധ

(ശേഷം 27-ാം പേജിൽ)

# ഐക്യദീപം
Aikyadeepam

നവംബർ – ഡിസംബർ 2016

പുസ്തകം 47 ലക്കം 11 – 12



രക്ഷാധികാരി
മോസ്റ്റ് റവ. ഡോ. തോമസ് മാർ
കൂറിലോസ് മെത്രാപ്പോലീത്താ

സഹ രക്ഷാധികാരി
മോസ്റ്റ് റവ. ഡോ. ഫീലിപ്പോസ്
മാർ സ്തേഫാനോസ് എപ്പിസ്കോപ്പാ

ചീഫ് എഡിറ്റർ
ഫാ. വർഗ്ഗീസ് ചാമക്കാലായിൽ

പ്രസാധകൻ
തോമസ് കൊടിനാട്ടുകുന്നേൽ
കോർ എപ്പിസ്ക്കോപ്പാ

ഓഫീസ് സ്റ്റാഫ്
എബിൻ തോമസ്

ഉപദേശക സമിതി
മോൺ. ആന്റണി ചെത്തിപ്പുഴ
റവ. ഫാ. ചെറിയാൻ താഴമൺ
റവ. ഫാ. പ്രേമാനന്ദ് ഒ.ഐ.സി.
ശ്രീ. ഷാജി കാരയ്ക്കൽ
പ്രൊഫ. ജേക്കബ് എം. ഏബ്രഹാം
ശ്രീ. ജോമി കലയപുരം
ശ്രീ. ജിജി മുളമൂട്ടിൽ
ശ്രീമതി ലീലാമ്മ കച്ചറയ്ക്കൽ


## ഉള്ളടക്കം


03 എഡിറ്റോറിയൽ

04 ഇടയശബ്ദം


06 കാരുണ്യവർഷത്തിന് സമാപനമോ?
ഫാ. ജോളി വടക്കൻ

12 ആദ്ധ്യാത്മിക കാരുണ്യ പ്രവർത്തികൾ
ഫാ. ചെറിയാൻ താഴമൺ

18 പാഠവും, പാതയുമായി സ്ഥാപനങ്ങൾ
ഷാജി മാത്യു കൂളിയാട്ട്

23 കാരുണ്യവർഷത്തിൽ സ്നേഹം സേവനമാക്കിയ അല്മായസാക്ഷ്യം
എജി പാറപ്പാട്ട്

28 കാരുണ്യവർഷം ഇടവകകളിലൂടെ...


Printing at: Dona Offset, Kottayam

Annual Subscription ₹ 120.00
Single Copy ₹ 10.00
Overseas: $40.00 or ₹ 2750

Bank Details :
Chief Editor, Aikyadeepam
Andhra Bank, Tiruvalla 689 101
A/c No. 110110100023901
IFSC. ANDB0001101
SWIFT CODE: ANDBINBB


Designed by :
Prasad P. S.
Greeshma Designs, Kottayam
Ph: 9447304348
gdesignktm@gmail.com

All correspondence regarding Agency and Subscription: Chief Editor, Aikyadeepam Monthly, St. John's Complex , Kacheripady, Tiruvalla-1. Phone: 0469-2600626 E-mail: aikyadeepamtvla@gmail.com

# കാരുണ്യ വർഷത്തിന് സമാപനമോ?



**2015** ഡിസംബർ 8-ന് തുടക്കമിട്ട കാരുണ്യവർഷത്തിന് 2016 നവംബർ 29-ന് സമാപനം കുറിക്കുകയാണ്. സഭയുടെ മുഖം കാരുണ്യത്തിന്റേതാണെന്നും നല്ല സമരിയാക്കാരനെപ്പോലെ ആവശ്യത്തിലായിരിക്കുന്നവനെ പരിധിയില്ലാതെ സ്നേഹിക്കുകയാണ് സഭയുടെ ശൈലിയെന്നുമുള്ള ഒരു ഓർമ്മപ്പെടുത്തൽ തന്നെയായിരുന്നു കഴിഞ്ഞുപോയ വർഷം. രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ ഉദ്ഘാടനവേളയിൽ വിശുദ്ധ ജോൺ 23-ാമൻ പാപ്പാ ആധുനികലോകത്തിൽ സഭയുടെ ദൗത്യം എന്തായിരിക്കണമെന്ന് വ്യക്തമായ ഭാഷയിൽ ഉദ്ബോധിപ്പിക്കുകയുണ്ടായി. ക്രിസ്തുവിന്റെ മണവാട്ടിയായ സഭ കാർക്കശ്യത്തിന്റെ വാളിനെക്കാൾ കാരുണ്യത്തിന്റെ ലേപനവുമായാണ് ഈ ലോകത്തിലായിരിക്കേണ്ടതെന്ന് ആ നല്ല ഇടയൻ ആഹ്വാനം ചെയ്തു. ഇരുപത്തിയൊന്നാം നൂറ്റാണ്ടിലെ സഭയ്ക്ക് കാരുണ്യത്തിന്റെ മുഖം നൽകി ഫ്രാൻസിസ് പാപ്പാ തന്റെ യാത്ര അനുസ്യൂതം തുടരുകയാണ്. ഈ യാത്രയിലെ കണ്ണികളാകാൻ നമ്മെയും ക്ഷണിച്ചുകൊണ്ട്. കാരുണ്യവർഷം ഫ്രാൻസിസ് പാപ്പായെ സംബന്ധിച്ചേടത്തോളം തന്റെ ജീവിതത്തിലൂടനീളം അദ്ദേഹം ശീലിച്ചു പോന്ന ഒരു കർമശൈലിയുടെ തുടർച്ച തന്നെയായിരുന്നു. കരുണ ഒരിക്കലും ഉറവ വറ്റാത്ത അരുവിപോലെ ഒഴുകിക്കൊണ്ടേയിരിക്കും. എത്ര കോരിയെടുത്താലും തീരാത്ത തീർഥജലംപോലെ. ആവർത്തിച്ച് ഉരുവിടുമ്പോഴും മടുക്കാത്ത ജപംപോലെ, ഉള്ളിന്റെ ഉള്ളിൽനിന്ന് അണപൊട്ടിയൊഴുകുന്ന ഒരു സ്നേഹപ്രവാഹംഖ, അതിനു സീമകളില്ല. പ്രായഭേദങ്ങളില്ല. ജാതിവിദ്വേഷമോ വർഗീയ വംശീയ വിഭജനമോ ഇല്ല.



**ഫാ. ജോളി വടക്കൻ**
കെ.സി.ബി.സി. മീഡിയാ
കമ്മീഷൻ ഡയറക്ടർ

അതുതന്നെയായിരുന്നു നസ്രത്തിലെ നസ്രായൻ ജീവിച്ചു കാണിച്ചുതന്ന ജീവിതശൈലി. നിയമങ്ങളുടെ അന്ധമായ അനുഷ്ഠാനങ്ങളെക്കാൾ സ്നേഹത്തിലൂന്നിയ ജീവിതശൈലി നിഷ്കർഷിച്ചും ശിക്ഷിക്കാൻ മുറവിളി കൂട്ടിയവരിൽ കാരുണ്യത്തിന്റെ വിത്തു വിതച്ചും തങ്ങളുടെ സ്പർശം പോലും അശുദ്ധിക്ക് കാരണമായേക്കാമെന്നു ഭയപ്പെട്ട് തീണ്ടാപ്പാടകലെയായിരുന്നവരെ അരികിലെത്തി മാറോടണച്ചും കരുണാർദ്രമായ മിഴികളോടെ ഏവരെയും കടാക്ഷിച്ചും കടന്നുപോയ കരുണാസമ്പന്നൻ.

കാരുണ്യവർഷം കേരളസഭയിൽ ഒട്ടേറെ നവമുന്നേറ്റങ്ങൾക്ക് അവസരമൊരുക്കി എന്ന കാര്യത്തിൽ ആർക്കും സംശയമൊന്നുമില്ല. കഴിഞ്ഞ



കാലങ്ങളിലെല്ലാം തന്നെ സഭ നിർവഹിച്ചു പോന്നിരുന്ന ഭവനനിർമ്മാണപദ്ധതികൾ, ചികിത്സാ സഹായങ്ങൾ, അവയവ ദാനങ്ങൾ, രക്തദാനം, പഠനസഹായങ്ങൾ തുടങ്ങിയ കാരുണ്യ പ്രവൃത്തികൾക്ക് കൂടുതൽ ആവേശമുണർത്താൻ ഈ കരുണയുടെ വർഷം കാരണമായിട്ടുണ്ട്. എന്നാൽ കണ്ണൂരിന്റെ കണ്ണീരൊപ്പാൻ സഭാനേതൃത്വം മുന്നിട്ടിറങ്ങുന്നത് ഒരു വേറിട്ട കാഴ്ചയായി മാധ്യമങ്ങൾ അവതരിപ്പിക്കുകയുണ്ടായി. കണ്ണൂർ രൂപതാധ്യക്ഷൻ അലക്സ് വടക്കുംതല പിതാവും തലശ്ശേരി മുൻ മെത്രാപ്പോലീത്ത ജോർജ് വലിയമറ്റം പിതാവും കോട്ടയം അതിരൂപതാ സഹായമെത്രാൻ ജോസഫ് പണ്ടാരശ്ശേരിൽ പിതാവും വിശ്വാസി സമൂഹവും ചേർന്ന് കണ്ണൂരിലെ അക്രമസംഭവങ്ങളിൽ വധിക്കപ്പെട്ടവരുടെ ഭവനങ്ങൾ സന്ദർശിച്ചതും അവരുടെ മൃതകുടീരങ്ങളിൽ പോയി പ്രാർത്ഥിച്ചതും കേരളസമൂഹം ഏറെ പുതുമകളോടെ തന്നെയാണ് കണ്ടത്.

സഭാനേതൃത്വം നടത്തുന്ന അനുരഞ്ജനശ്രമങ്ങളിൽ പങ്കുചേരാമെന്നുള്ള രാഷ്ട്രീയപാർട്ടികളുടെ നിലപാടും ഈ ദൗത്യത്തിന്റെ സ്വീകാര്യതയിലേക്കാണ് വിരൽ ചൂണ്ടുന്നത്. സഭ ഇനിയും തുറക്കേണ്ട കാരുണ്യത്തിന്റെ കവാടങ്ങൾ ഏറെയുണ്ട്. ആദിവാസി സമൂഹങ്ങളുടെ നിലനില്പിന്റെ വിഷയങ്ങൾ, ദളിത് ക്രൈസ്തവർ അനുഭവിക്കുന്ന വിവേചനത്തിന്റെ കയ്പുനീർ, കടലിന്റെ മക്കളുടെ രോദനങ്ങൾ, മലയോരമേഖലകളിലെ മക്കളുടെ ദുരിതങ്ങൾ ആരൊക്കെയാണ് ഈ വിഭാഗക്കാരുടെ കണ്ണീരൊപ്പാൻ മുന്നിട്ടിറങ്ങുക? ശരിക്കുള്ള കരുണ ജീവിക്കണമെങ്കിൽ നമ്മുടേതായ സുരക്ഷാവലയങ്ങൾ ഭേദിച്ചു പുറത്തു വരേണ്ടിയിരിക്കുന്നു. കാരുണ്യവർഷത്തിൽ കാരുണ്യത്തിന്റെ മാലാഖയെന്ന് വിളിക്കപ്പെട്ടിരുന്ന മദർ തെരേസയെ പാപ്പാ വിശുദ്ധയായി പ്രഖ്യാപിച്ചതു തന്നെ ഈ ശൈലിക്കുള്ള അംഗീകാരമായാണ്.

ദുരിതങ്ങളുടെ കണ്ണീർക്കടൽ താണ്ടുന്നവരെ കണ്ടില്ലെന്നു നടിച്ച് ദൈവപ്രീതിക്കായി സമയാസമയങ്ങളിൽ പ്രാർത്ഥനകളും ഭക്തകൃത്യങ്ങളും നിർവഹിക്കുന്നതുകൊണ്ടുമാത്രം ഫലമില്ല എന്ന് കരുണയുടെ വോളന്റിയർമാരോട് ഫ്രാൻസിസ് പാപ്പാ പറഞ്ഞത് പ്രത്യേകം നാം ഓർക്കേണ്ടതുണ്ട്. സമൂഹത്തിൽ പടർന്നുപന്തലിക്കുന്ന നിസ്സംഗതയുടെ ആഗോളീകരണത്തെ ക്രൈസ്തവ കരുണയുടെ സാമൂഹിക വത്കരണം വഴി കീഴടക്കാൻ ക്രൈസ്തവ സമൂഹം ഒന്നടങ്കം മുന്നേറാൻ പ്രചോദനമാകട്ടെ. കാരുണ്യവർഷത്തിലെ ക്രിയാത്മക പ്രവർത്തനങ്ങൾ, തുടരാം നമുക്ക് കരുണയുടെ സുവിശേഷവും കരുണയുടെ ജീവിതവും.

കരുണയുടെ വാക്കുകൾക്ക് അർത്ഥം ലഭിക്കുന്നത് അവയിൽ നാം സൂക്ഷിക്കുന്ന കാരുണ്യപ്രവർത്തികളിലാണ്. കാരുണ്യ വർഷത്തിൽ മാത്രം നാം ചുറ്റുപാടുകളിലേക്ക് നോക്കിയാൽ പോരാ മറിച്ച് അത് ജീവിതത്തിന്റെ താളംതന്നെ ആകണം. തിരുവല്ല അതിഭദ്രാസനം ഈ കാരുണ്യവർഷത്തെ കാരുണ്യ സ്പർശംകൊണ്ട് വ്യത്യസ്ഥമാക്കിയിരിക്കുന്നു. 85-ാം പുനരൈക്യവാർഷികാഘോഷം തന്നെ കാരുണ്യവർഷത്തെ മുന്നിൽ കണ്ടായിരുന്നു എന്നതിനു ബലം നല്കുന്നതാണ് തുടക്കംക്കുറിച്ച കാരുണ്യ പദ്ധതികൾ. മലങ്കര കത്തോലിക്കാ സഭയിലെ എല്ലാ പിതാക്കൻമാരും അവയവങ്ങൾ ദാനം ചെയ്തതും 85 ഹൃദയ ശസ്ത്രക്രിയകൾക്ക് സഹായം നല്കിയതും. 3000 ഡയാലിസിസുകൾ നിർദ്ധനരായ രോഗികൾക്ക് നല്കിയതും ഒക്കെ സഭയിലേക്ക് കാരുണ്യത്തിന്റെ പൊൻവെളിച്ചം ചൊരിയുന്നു. കൂടാതെ ഇടവക, മേഖല, അതിരൂപത തലങ്ങളിൽ ചെയ്തിട്ടുള്ള വ്യത്യസ്ത പ്രവർത്തനങ്ങൾ വേദനിക്കുന്നവന്റെ കണ്ണീരൊപ്പുന്ന കരമായിട്ടുണ്ട് എന്നതിൽ സംശയമില്ല.

അർത്ഥാഗൃഹേ നിവർത്തന്തേ<br>
ശ്മശാനേ പുത്രബാന്ധവാ:<br>
സുകൃതം ദുഷ്കൃതം ചൈവ<br>
ഗച്ഛന്തമനുഗച്ഛന്തി (നീതിസാരം)

(സമ്പത്ത് വീട്ടിൽവച്ച് നമ്മെ പിരിയും, മിത്രങ്ങളും ബന്ധുക്കളും ശ്മശാനത്തിൽവച്ചും. നമ്മെ അനുഗമിക്കുന്നത് നാം ഈ ലോകത്തിൽ ചെയ്ത സുകൃതങ്ങളും ദുഷ്കൃത്യങ്ങളുമാണ്). അലസതകൂടാതെ സത്കൃത്യങ്ങൾ ചെയ്ത് സമ്പന്നമാക്കാം ക്ഷണികമായ ഈ ജീവിതത്തെ.





**വി. തെരേസയുടെ ചിത്രം വരച്ച**
**അനീസ സൂസൻ ജോസഫ്**

# കാരുണ്യതാരം

(കൽക്കട്ടയിലെ വി. തെരേസ)



**മേമോൾ ഏബ്രഹാം**
കുമരകം

കനിവിൻ ഉറവയാം കാരുണ്യതാരമേ
അമ്മേ പുണ്യതായേ
ആലംബഹീനർക്കാശ്രയമമ്മേ
ഏഴകൾ തൻ കണ്ണീർ തുടച്ച
അമ്മേ കനിവിൻ കേതാരമേ
ഉലകിൽ കഷ്ടപ്പാടുകൾ കാംക്ഷിച്ച
അമ്മേ സ്നേഹകുടീരമേ

ചേറ്റിൽ വിരിഞ്ഞ ചെന്താമരേ
പ്രഭതൂകും പൊൻ താരമേ
സ്വർലോക നാഥൻ തൻ ഭാജനം
ഉലകിൻ ദിവ്യവെളിച്ചമമ്മേ
എന്നും ഞങ്ങൾ തൻ അകതാരിൽ
നിറയ്ക്കൂ പുണ്യപരിമളമമ്മേ
പരിലസിക്കൂ എന്നെന്നും ഞങ്ങളിൽ

**(കാരുണ്യവർഷ കവിതാരചനയിൽ സമ്മാനർഹമായ കവിത)**








# തിരുവല്ല അതിരൂപത
# കാരുണ്യവർഷ ഉദ്ഘാടനം
## 11–11–2015, 13–11–2015

**സെന്റ് ജോൺസ് മെത്രാപ്പോലീത്തൻ കത്തീഡ്രൽ,**
**കുമളി സെന്റ് മേരീസ് ദൈവാലയം**












# തിരുവല്ല അതിരൂപത
# കാരുണ്യവർഷ സമാപനം
# 20 – 11 – 2016, 27 – 11 – 2016
# തിരുവല്ല, കുമളി





MERCIFUL LIKE THE FATHER

# മലങ്കര കത്തോലിക്കാ സഭ

## തിരുവല്ലാ അതിരൂപത

*"എന്റെ ഏറ്റവും എളിയ സഹോദരന്മാരിൽ ഒരുവന്*
*നിങ്ങൾ ഇത് ചെയ്തു കൊടുത്തപ്പോൾ*
*എനിക്കുതന്നെയാണ് ചെയ്തു തന്നത് "(മത്തായി 25:40)*

ആഗോള കത്തോലിക്കാ സഭ കാരുണ്യവർഷമായി
ആചരിച്ച 2016 വർഷത്തിൽ തിരുവല്ലാ അതിഭദ്രാസനത്തിലെ
ദേവാലയങ്ങളിൽ നടത്തപ്പെട്ട പ്രവർത്തനങ്ങളിൽ
വിവിധ മേഖലകളിൽ കാരുണ്യത്തിന്റെ കരസ്പർശമായിത്തീർന്ന
**കുമരകം സെന്റ് മേരീസ് മലങ്കര കത്തോലിക്കാ ഇടവക**
സമൂഹത്തിനും ബഹുമാനപ്പെട്ട വികാരിയച്ചനും

## ഹൃദ്യമായ ആശംസകൾ...

കാരുണ്യ വർഷാചരണ കമ്മറ്റി
**20-11-2016**



**കാരുണ്യവർഷത്തിൽ തിരുവല്ല അതിരൂപതയിൽ ഏറ്റവും മികച്ച കാരുണ്യ പ്രവർത്തനങ്ങൾ കാഴ്ചവച്ച സെന്റ് മേരീസ് മലങ്കര കത്തോലിക്കാ ദൈവാലയം, കുമരകത്തിന് നല്കിയ അവാർഡ്**





# ആദ്ധ്യാത്മിക കാരുണ്യ പ്രവർത്തികൾ

## ആമുഖം

കരുണയുടെ പ്രത്യേക ജൂബിലിവർഷത്തിൽ തിരുവല്ല അതിരൂപതയിൽ ഓരോ വിശ്വാസിയും ദൈവത്തിന്റെ കാരുണ്യം സ്വയം അനുഭവിക്കുവാനും മറ്റുള്ളവർക്ക് അനുഭവവേദ്യമാക്കുവാനും ഉതകുന്ന നിരവധി കാര്യങ്ങൾ നടത്തുകയുണ്ടായി. പരിശുദ്ധ മാർപ്പാപ്പായുടെ ആഹ്വാനത്തിന്റെ ആന്തരിക അർത്ഥം ആഴത്തിൽ ഉൾക്കൊണ്ടുകൊണ്ട് അതിരൂപതാതലത്തിലും



മേഖലാതലത്തിലും; ഇടവകകളിലും സംഘടനകളിലും സ്ഥാപനങ്ങളിലും പ്രവർത്തനങ്ങൾ നടന്നു. അവയെ ഏകോപിപ്പിക്കുവാൻവേണ്ടി ബഹു. മാത്യു പുനക്കുളത്ത് അച്ചന്റെ നേതൃത്വത്തിൽ ഒരു പത്ത് അംഗസമിതിയെ അതിരൂപതാ അജപാലനസമിതി തെരഞ്ഞെടുത്ത് നിയമിക്കുകയുണ്ടായി. കാരുണ്യവർഷാചരണത്തിന്റെ സമാപനത്തിൽ പ്രവർത്തനങ്ങളുടെ ഒരു സംക്ഷിപ്ത റിപ്പോർട്ട് ക്രോഡീകരിച്ച് പ്രസിദ്ധപ്പെടുത്തുവാനും പ്രസ്തുത സമിതിയെ ചുമതലപ്പെടുത്തിയിരുന്നു. ഈ ആവശ്യത്തിലേക്ക് മേഖലകളിലും ഇടവകകളിലും സംഘടനകളിലും സ്ഥാപനങ്ങളിലും നടന്ന പ്രവർത്തനങ്ങളുടെ റിപ്പോർട്ട് ശേഖരിക്കുകയുണ്ടായി. കാരുണ്യപ്രവൃത്തികളുടെ ആദ്ധ്യാത്മികം, ശാരീരികം എന്നുള്ള പരമ്പരാഗത വിഭജനത്തെ അടിസ്ഥാനമാക്കി തയ്യാറാക്കി നല്കിയ ചോദ്യാവലി ആസ്പദമാക്കിയാണ് റിപ്പോർട്ടുകൾ ശേഖരിച്ചത്. 136 ഇടവകകളിൽ 76 ഇടവകകളിൽ നിന്നുമാണ് റിപ്പോർട്ട് യഥാസമയം ലഭിച്ചത്. ലഭിച്ച റിപ്പോർട്ടിന്റെ വെളിച്ചത്തിൽ അതിരൂപതയിൽ വിവിധതലങ്ങളിൽ നടന്ന ആദ്ധ്യാത്മിക കാരുണ്യ പ്രവൃത്തികളെ ക്രോഡീകരിച്ച് ഒരു ലേഖനരൂപത്തിൽ അവതരിപ്പിക്കുവാനുള്ള ശ്രമമാണ് തുടർന്നുള്ള പേജുകളിൽ. ലഭ്യമായ വിവരങ്ങളുടെ സാമാന്യവല്ക്കരണത്തിലൂടെയാണ് ലേഖനം രൂപപ്പെടുത്തിയിരിക്കുന്നത്.



**ഫാ. ചെറിയാൻ താഴമൺ**
എക്സിക്യൂട്ടീവ് ഡയറക്ടർ,
രാഷ്ട്രദീപിക കമ്പനി

## കാരുണ്യവർഷ പ്രഖ്യാപനത്തിന്റെ പശ്ചാത്തലവും ലക്ഷ്യവും

പരിശുദ്ധ ഫ്രാൻസിസ് മാർപ്പാപ്പായുടെ ആഹ്വാനപ്രകാരം, "നിങ്ങളുടെ പിതാവ് കരുണയുള്ളവനായിരിക്കുന്നതുപോലെ നിങ്ങളും കരുണയുള്ളവരായിരിക്കുവിൻ" (ലൂക്കാ 6-36) എന്ന തിരുവചനം "കുറിവാക്യ"മായി സ്വീകരിച്ചുകൊണ്ട് 2015 ഡിസംബർ എട്ടാം തീയതി മുതൽ 2016 നവംബർ 20-ാം തീയതി വരെ തിരുവല്ലാ അതിരൂപതയും സാർവ്വത്രികസഭയോടൊപ്പം കാരുണ്യവർഷാചരണത്തിൽ ഉൾച്ചേരുകയുണ്ടായി. 'വഴി തെറ്റിപ്പോയ പാപിയെ തേടിവന്ന' യേശുക്രിസ്തുവിന്റെ പിൻതുടർച്ചയായ സഭയിലെ ശുശ്രൂഷകർ നിയമങ്ങളുടെ കാർക്കശ്യവും അനുഷ്ഠാനങ്ങളുടെ അതിപ്രസരവും സംവിധാനങ്ങളുടെയും നടപടിക്രമങ്ങളുടെയും കാഠിന്യവും കൊണ്ട് സഭാതനയരെ യേശുവിൽനിന്നും സഭയിൽനിന്നും അകറ്റുന്നതു കണ്ട് ഹൃദയം വേദനിച്ചിട്ടാണ് പരിശുദ്ധ മാർപ്പാപ്പാ കാരുണ്യവർഷം പ്രഖ്യാപിച്ചത് എന്ന് അദ്ദേഹത്തിന്റെ വാക്കുകൾക്കിടയിൽനിന്ന് വായിച്ചെടുക്കാൻ സാധിക്കും. എല്ലാവരും ദൈവത്തിന്റെ കരുണ കൂടുതലായി അനുഭവിക്കുകയും മറ്റുള്ളവരോട് കരുണ കാണിക്കുകയും ചെയ്യുക. കാരുണ്യവർഷാചരണം കൊണ്ട് പരിശുദ്ധപിതാവ് ലക്ഷ്യംവച്ചത് ഇതായിരുന്നു. ചില മാതൃകകളും അദ്ദേഹം നമുക്ക് കാണിച്ചുതന്നു. കുറ്റവാളികളെന്ന് കുറ്റം വിധിച്ച് കാരാഗൃഹത്തിലടയ്ക്കപ്പെട്ടവർക്ക് ദൈവകരുണ കാട്ടിക്കൊടുക്കുവാനായി അവരെ സന്ദർശിച്ചു. പരിശുദ്ധ കുമ്പസാരം വഴി പാപമോചനം പ്രാപിച്ച് ദൈവകരുണ അനുഭവിക്കാൻ എല്ലാ വിശ്വാസികളെയും അദ്ദേഹം ആഹ്വാനം ചെയ്തു. ഇടവക ദൈവാലയങ്ങളിലേക്ക് കടന്നുചെന്ന് പരിശുദ്ധ പിതാവ് വിശ്വാസികളെ കുമ്പസാരിപ്പിച്ചു. പ്രത്യേക കുമ്പസാരക്കാരായി ആയിരത്തിലധികം വൈദികരെ ലോകത്തിന്റെ വിവിധ ഭാഗങ്ങളിലേക്കയച്ചു. പരിശുദ്ധ മാർപ്പാപ്പായ്ക്കു മാത്രമായി സംവരണം ചെയ്യപ്പെട്ടിരുന്ന ചില പ്രത്യേകപാപങ്ങൾ മോചിക്കുവാനുള്ള അധികാരം എല്ലാ വൈദികർക്കും അനുവദിച്ച് നല്കി. കാരുണ്യവർഷ പ്രഖ്യാപനത്തിന്റെ ഉള്ളർത്ഥം ഗ്രഹിക്കുവാൻ പരിശുദ്ധ മാർപ്പാപ്പായുടെ ഈ നടപടികൾ പര്യാപ്തമാണ്.

ശിക്ഷിക്കാൻ അധികാരമുള്ളവൻ ശിക്ഷ അർഹിക്കുന്നവരെ ശിക്ഷിക്കാതെ വിടുന്നതിനെ സാമാന്യ അർത്ഥത്തിൽ കരുണയായി മനസ്സിലാക്കാം. വിശുദ്ധഗ്രന്ഥത്തിന്റെ താളുകളിൽ കരുണ കുറേക്കൂടി ഉദാത്തമാണ്. ശിക്ഷിക്കാൻ അധികാരമുള്ളവൻ ശിക്ഷാർഹരെ ശിക്ഷിക്കുന്നില്ല എന്നു മാത്രമല്ല



*മലങ്കരയുടെ പിതൃഭവനം സന്ദർശനം: സെന്റ് ജോസഫ്സ് ഇടവക നിരണം സെൻട്രൽ*

ശിക്ഷ നീക്കിക്കളയുകയും അനുഗ്രഹിക്കുകയും ചെയ്യുന്നു. ദൈവത്തിന്റെ ഈ രക്ഷിക്കുന്ന കരുണയാണ് യേശുക്രിസ്തുവിലൂടെ വെളിപ്പെട്ടത്. അതാണ് സുവിശേഷം. കാണാതെപോയ ആടിനെ തേടി അലയുന്ന ഇടയനും, നഷ്ടപ്പെട്ട നാണയം തേടി വീടുമുഴുവൻ അടിച്ചുവാരുന്ന വീട്ടമ്മയും, വീടുവിട്ടുപോയ മകൻ തിരികെ വന്നപ്പോൾ ആശ്ലേഷിച്ചാനന്ദിക്കുന്ന പിതാവുമൊക്കെയാണ് യേശുനാഥൻ വരച്ചുകാട്ടുന്ന കാരുണ്യവാനായ ദൈവപിതാവിന്റെ ചിത്രം. ഇവിടെയൊന്നും പരാതിയില്ല പരിഭവമില്ല കുറ്റാരോപണമില്ല ചോദ്യം ചെയ്യലില്ല. ഇതാണ് ദൈവത്തിന്റെ കരുണയുടെ മുഖം. തന്റെ മക്കൾക്കും ഇതേ മുഖഭാവം ഉണ്ടാകണം എന്നും സഹോദരങ്ങളോടും ഇതേ കരുണ കാട്ടണമെന്നുമാണ് ദൈവം നമ്മോട് ആവശ്യപ്പെടുന്നത്. വി. യോഹന്നാൻ 8: 1-11 ൽ വിവരിക്കുന്ന വ്യഭിചാരത്തിൽ പിടിക്കപ്പെട്ട സ്ത്രീയുടെ സംഭവം ഇവിടെ ചിന്തനീയം. കല്ലെറിയണമെന്നത് നിയമം. കാരുണ്യം അതിന് അപ്പുറം. അതാണ് കർത്താവ് കാണിച്ചത്. ജനത്തോടൊപ്പം നിന്ന് കല്ലെറിയാൻ എളുപ്പമാണ്. എന്നാൽ, നെഞ്ചിൽ കല്ലുകളുടെ ഭാരംപേറുന്നവന്റെ ഹൃദയഭാരം കണ്ടറിയുന്നതും കൊണ്ടറിയുന്നതും ഏറെ ബുദ്ധിമുട്ടാണ്. അങ്ങനെയുള്ളവനെ ഹൃദയം കൊണ്ട് ചേർത്തു പിടിക്കുന്നതിലാണ് കാരുണ്യം. "ഞാൻ നിന്നോട് കരുണ കാണിച്ചതുപോലെ നീയും നിന്റെ സഹസേവകനോട് കരുണ കാണിക്കേണ്ടതായിരുന്നില്ലേ?" (മത്തായി 18-33) എന്നാണല്ലോ യജമാനന്റെ ചോദ്യം. ദൈവത്തിന്റെ കരുണ അനുഭവിക്കുകയും സഹോദരങ്ങളോട് കരുണ കാണിക്കുകയും ചെയ്യുക. ഇതിനുള്ള സവിശേഷ സന്ദർഭമായിരുന്നു കാരുണ്യവർഷം.

## ഉൾക്കാമ്പ്

പാപങ്ങളെക്കുറിച്ച് ആത്മാർത്ഥമായി അനുതപിച്ച് വിശുദ്ധകുമ്പസാരത്തിൽ ഏറ്റുപറഞ്ഞ് പാപമോചനം പ്രാപിച്ച് ദൈവത്തിന്റെ കരുണ പൂർണ്ണമായി അനുഭവിക്കുകയും സഹോദരങ്ങളുടെ തെറ്റുകൾ ആത്മാർത്ഥമായി ക്ഷമിച്ചുകൊണ്ട് അവരോട് കരുണ കാണിക്കുകയുമായിരുന്നു കാരുണ്യ വർഷാചരണത്തിന്റെ കാതൽ. ഇപ്രകാരം ദൈവത്തിന്റെ കരുണ അനുഭവിച്ചവരും സഹോദരങ്ങളോട് ക്ഷമിച്ച് കരുണ കാണിച്ചവരും പുഷ്പങ്ങൾ പരിമളം പരത്തുന്നതുപോലെ കാരുണ്യപ്രവൃത്തികളിലൂടെ തങ്ങളുടെ ആന്തരിക അനുഭവം പ്രസരിപ്പിക്കും.

അയൽക്കാരനെ അവന്റെ ആദ്ധ്യാത്മികവും ശാരീരികവുമായ ആവശ്യങ്ങളിൽ സഹായിക്കാൻ ചെയ്യുന്ന പ്രവൃത്തികളാണ് കാരുണ്യപ്രവൃത്തികൾ (ഏശയ്യാ 58: 6-7, ഹെബ്രായർ 13-3). പഠിപ്പിക്കുക ഉപദേശിക്കുക ആശ്വസിപ്പിക്കുക സാന്ത്വനപ്പെടുത്തുക എന്നിവ ആദ്ധ്യാത്മിക കാരുണ്യപ്രവൃത്തികളാണ്. അതുപോലെ തന്നെയാണ് ക്ഷമിക്കുന്നതും ദ്രോഹങ്ങളെ ക്ഷമയോടെ സഹിക്കുന്നതും. ശാരീരികമായ കാരുണ്യപ്രവൃത്തികൾ സവിശേഷമായി വിശക്കുന്നവർക്കു ഭക്ഷണം കൊടുക്കുന്നതും പാർപ്പിടമില്ലാത്തവർക്കു പാർപ്പിടം നല്കുന്നതും വസ്ത്രമില്ലാത്തവർക്കു വസ്ത്രം നല്കുന്നതും രോഗികളെയും കാരാഗൃഹവാസികളെയും സന്ദർശിക്കുന്നതും മൃതരെ സംസ്കരിക്കുന്നതും ഉൾക്കൊള്ളുന്നു. ഈ പ്രവൃത്തികളിൽ ദരിദ്രർക്കു ഭിക്ഷ നൽകുന്നത് സഹോദരസ്നേഹത്തിന്റെ സുപ്രധാനമായ ഒരു സാക്ഷ്യമാണ് (കത്തോലിക്കാസഭയുടെ മതബോധന ഗ്രന്ഥം 2447).

ചുരുക്കത്തിൽ കാരുണ്യപ്രവൃത്തികളെ; ആദ്ധ്യാത്മികമായ കാരുണ്യ പ്രവൃത്തികൾ ശാരീരികമായ കാരുണ്യപ്രവൃത്തികൾ എന്നിങ്ങനെ രണ്ടായി വിഭജിച്ച് കാണാൻ സാധിക്കും. ശാരീരികമായ കാരുണ്യ പ്രവൃത്തികളെ മുകളിൽ പറഞ്ഞിരിക്കുന്നതുപോലെ ആറായി തിരിക്കാനും സാധിക്കും.

## പര്യാലോചന പരിധി

ഈ ലേഖനത്തിന്റെ പര്യാലോചനാ പരിധി കാരുണ്യവർഷത്തിൽ തിരുവല്ലാ അതിരൂപതയിൽ നടന്ന ആദ്ധ്യാത്മിക കാരുണ്യ പ്രവൃത്തികളാണ്. അമൂർത്തമായ കാരുണ്യം അനുഭവിക്കുവാനും

അനുഭവവേദ്യമാക്കുവാനും നടത്തിയ ശ്രമങ്ങളെ ക്രോഡീകരിക്കുവാൻ ശ്രമിക്കുമ്പോൾ അതിനെ മൂർത്തവും ഇന്ദ്രിയഗോചരവുമായ രീതിയിൽ അവതരിപ്പിക്കേണ്ടതുണ്ട്. അതിനാൽ ആദ്ധ്യാത്മിക കാരുണ്യപ്രവൃത്തികൾ എന്നതുകൊണ്ട് എന്തൊക്കെയാണ് വിവക്ഷിക്കുന്നതെന്നതിന് ഏതാനും ചില കാര്യങ്ങൾ ശ്രദ്ധിക്കുക:

1. ഇടവകകളിൽ മതബോധന ക്ലാസുകളിൽ പഠിപ്പിക്കാൻ സഹായിക്കുക.
2. യേശുവിനെ അറിയാത്തവരുമായി യേശുവിനെ പങ്കുവയ്ക്കുക.
3. തെറ്റായ മാർഗ്ഗത്തിൽ ചരിക്കുന്നവർക്ക് നേരായ വഴി ഉപദേശിച്ചു കൊടുക്കുക.
4. വേദനയിലും കഷ്ടതയിലും നഷ്ടത്തിലുമായിരിക്കുന്നവർക്ക് ആശ്വാസം പകരുക.
5. മറ്റുള്ളവരുടെ തെറ്റുകളും ദ്രോഹങ്ങളും ക്ഷമിക്കുക.



*എരുമേലി പഴയകൊരട്ടി കൃപാലയം സന്ദർശനം*

6. ദ്രോഹങ്ങളെ ക്ഷമയോടെ സഹിക്കുക.
7. ദ്രോഹം ചെയ്തവർക്കുവേണ്ടി പ്രാർത്ഥിക്കുക.
8. വിരോധത്തിലും പിണക്കത്തിലുമായിരിക്കുന്നവർക്കുവേണ്ടി പ്രാർത്ഥിക്കുക.
9. പൂർണ്ണമായ മനസ്താപത്തോടെ നല്ല കുമ്പസാരം നടത്തുക.
10. നല്ല കുമ്പസാരം നടത്താൻ മറ്റുള്ളവരെ ഒരുക്കുക.
11. കൂദാശ ജീവിതത്തിൽനിന്നും അകന്നു കഴിയുന്നവരെ കൂദാശ സ്വീകരണത്തിന് എത്തിക്കുക.
12. സഭാജീവിതത്തിൽ നിന്നും ഇടവക കൂട്ടായ്മയിൽനിന്നും അകന്നു കഴിയുന്നവരെ സഭാജീവിതത്തിലേക്കും ഇടവക കൂട്ടായ്മയിലേക്കും കൂട്ടിക്കൊണ്ടു വരിക.
13. മദ്യത്തിനും മയക്കുമരുന്നിനും വിഷാദരോഗത്തിനും മാനസിക പിരിമുറുക്കത്തിനും അടിമകളായവരെ രക്ഷിക്കാൻ സഹായിക്കുക.
14. എഴുത്തും വായനയും അറിവില്ലാത്തവർക്ക് പരിശീലനം നല്കുക.
15. വാഹനസൗകര്യമില്ലാത്തതുകൊണ്ട് ഞായറാഴ്ച വിശുദ്ധകുർബാനകളിൽ സംബന്ധിക്കാൻ സാധിക്കാത്ത രോഗികൾക്കും വൃദ്ധർക്കും വാഹനമുള്ളവർ സഹായികളാവുക.
16. കാരുണ്യത്തിന്റെ വാതിലുകളായി പ്രഖ്യാപിച്ചിരിക്കുന്ന ദൈവാലയങ്ങൾ സന്ദർശിച്ച് പ്രാർത്ഥിക്കുക.
17. കാരുണ്യപ്രവൃത്തികൾ ചെയ്യാൻ കുട്ടികളെ പരിശീലിപ്പിക്കുക.

## പാപമോചനംവഴി കാരുണ്യം

നമുക്ക് ഏറ്റവുമധികം ദൈവകരുണ ആവശ്യമുള്ളത് പാപത്തിന്റെ ശിക്ഷയിൽ നിന്നുള്ള മോചനത്തിനാണ്. അതിനായി കുമ്പസാരവും ദണ്ഡവിമോചനവും പ്രാപിക്കുന്നു. ഇവ പ്രാപിക്കുവാൻ അതിരൂപത പ്രത്യേക അവസരങ്ങൾ ഒരുക്കി നല്കി. തിരുവല്ലാ സെന്റ് ജോൺസ് മെത്രാപ്പോലീത്തൻ കത്തീഡ്രലും കുമളിയിലെ സെന്റ് മേരീസ് മലങ്കര സുറിയാനി കത്തോലിക്കാ പള്ളിയും കുരിശുമല ആശ്രമത്തിലെ ചാപ്പലും കരുണയുടെ ദൈവാലയങ്ങളായി പ്രഖ്യാപിച്ചു. ഇതിൽ ഏതെങ്കിലും ദൈവാലയത്തിൽ പോയി കരുണയുടെ കവാടത്തിലൂടെ കടന്ന് നിശ്ചിത ആത്മീയാനുഷ്ഠാനങ്ങൾ (കുമ്പസാരം, വിശുദ്ധ കുർബാന, കുർബാന സ്വീകരണം 1 സ്വർഗ്ഗസ്ഥനായ പിതാവേ, 1 കൃപ നിറഞ്ഞ മറിയമേ 1 ത്രിത്വസ്തുതി പ്രാർത്ഥന) നടത്തിയാൽ പാപമോചനവും ശിക്ഷാവിധിയിൽ നിന്നുള്ള മോചനവും പ്രാപിക്കാനുള്ള അവസരം അതിരൂപതയിൽ ഒരുക്കി. അസാധാരണമായ ദൈവകരുണ പ്രാപിക്കുവാൻ താല്പര്യമുള്ളവർക്കൊക്കെ ഇതുവഴി അവസരം ലഭ്യമാക്കി.

## കാരുണ്യ കവാടത്തിലേക്ക് തീർത്ഥാടനം

തിരുവല്ലാ അതിരൂപതയിലെ 136 ഇടവകകളിൽ 76 ഇടവകകളിൽനിന്നും ലഭിച്ച കാരുണ്യവർഷാചരണം സംബന്ധിച്ച റിപ്പോർട്ടിൻ പ്രകാരം 62 ഇടവകകളിൽനിന്നും കൂട്ടമാ യോ, ചെറുസംഘങ്ങളായ വ്യക്തികളായോ കരുണയുടെ കവാടത്തിലേക്ക് തീർത്ഥാടനം നടത്തി കുമ്പസാരിച്ച് വിശുദ്ധകുർബാനയിൽ സംബന്ധിച്ച് കുർബാന സ്വീകരിക്കുകയും നിർദ്ദിഷ്ട പ്രാർത്ഥനകൾ ചൊല്ലി കാരുണ്യത്തിനു വേണ്ടി പ്രാർത്ഥിക്കുകയും ചെയ്തു.

## അനുതാപ ശുശ്രൂഷകൾ

കാരുണ്യവർഷത്തെ വളരെ പ്രത്യേകമായ ഒരു




***സെന്റ് പോൾസ് കട്ടപ്പന ഇടവക കരുണയുടെ വാതിൽ സന്ദർശിച്ചപ്പോൾ***

ക്രമീകരണമായിരുന്നു വിശുദ്ധ കുമ്പസാരം വഴി ദൈവകരുണ അനുഭവിക്കുവാനുള്ള പ്രത്യേക ക്രമീകരണങ്ങൾ. കാരുണ്യവർഷാചരണ ഉദ്ഘാടനദിവസം സെന്റ് ജോൺസ് മെ ത്രാപ്പോലീത്തൻ കത്തീഡ്രലിൽ വച്ച് വിശു ദ്ധ കുമ്പസാരമെന്ന കൂദാശ സ്വീകരിച്ചും വിശ്വാസികളെ കുമ്പസാരിപ്പിച്ചുംകൊണ്ട് അതിരൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്താ ഈ പ്രത്യേക ക്രമീകരണത്തിന് ആരംഭം കുറിച്ചു. അതിരൂപതയിലെ എല്ലാ ഇടവകകളിലും ബഹു. വികാരിമാർക്കു പുറമേ മറ്റ് വൈദികർ വന്ന് വിശുദ്ധ കുമ്പസാരം കേൾക്കുവാനുള്ള സൗകര്യം ഈ വർഷം പല പ്രാവശ്യം ക്രമീകരിച്ചിരുന്നു. ചില ഇടവകകളിൽ മാസത്തിൽ ഒരു ഞായറാഴ്ച ഈ ക്രമീകരണം ചെയ്തിരുന്നു. വലിയ നോമ്പിന്റെ ദിവസങ്ങളിലോ ഹാശാ ആഴ്ചയിലോ ഭൂരിപക്ഷം ഇടവകകളിലും പ്രത്യേകമായ അനുതാപശുശ്രൂഷകൾ നടത്തി വിശ്വാസികളെ നന്നായി ഒരുക്കിയിട്ട് അതത് ഇടവകകളിലെ വികാരിമാർ അല്ലാത്ത ബഹു. വൈദികർ കുമ്പസാരിപ്പിക്കുവാനുള്ള ക്രമീകരണങ്ങൾ നടത്തിയിരുന്നു. പാപമോചനാധികാരം പരിശുദ്ധ പിതാവിന് മാത്രമായി സംവരണം ചെയ്യപ്പെട്ടിരിക്കുന്ന പാപങ്ങൾക്കും മോചനം നല്കുവാനുള്ള അധികാരം കാരുണ്യവർഷത്തിൽ അതിരൂപതയിലെ എല്ലാ ബഹു. വൈദികർക്കും നല്കപ്പെട്ടിരുന്നു.

## കൂട്ടായ്മ കൂട്ടിച്ചേർക്കൽ

കൗദാശിക ജീവിതത്തിൽനിന്നും ഇടവകക്കൂട്ടായ്മയിൽനിന്നും അകന്നു കഴിഞ്ഞിരുന്നവരെ കൗദാശിക ജീവിതത്തിലേക്കും ഇടവകയുടെ സജീവകൂട്ടായ്മയിലേക്കും കൂട്ടിക്കൊണ്ടുവരുവാൻ നോമ്പുകാല ധ്യാനഅവസരത്തിൽ ശ്രമങ്ങൾ നടത്തിയതായി 41 ഇടവകകൾ റിപ്പോർട്ടിൽ സൂചിപ്പിക്കുന്നു. ദൈവത്തിന്റെ കാരുണ്യം മുഖ്യപ്രമേയമായി നോമ്പുകാല ധ്യാനം നടത്തിയതായി 61 ഇടവകകളും ബൈബിൾ കൺവൻഷൻ നടത്തിയതായി 39 ഇടവകകളും നോമ്പുകാല വാർഡ് കൺവൻഷൻ നടത്തിയതായി 21 ഇടവകകളും റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നു.

## ലഘുപത്രികകളും ക്ലാസുകളും

ഏതാനും ഇടവകകൾ കാരുണ്യവർഷത്തെ സംബന്ധിച്ച് ലഘുപത്രികകൾ തയ്യാറാക്കി എല്ലാ കുടുംബങ്ങൾക്കും നല്കുകയും അവയെ ആസ്പദമാക്കി ഇടവകയിൽ പൊതുവായും പ്രേഷിതസംഘടനകളുടെ ആഭിമുഖ്യത്തിലും ക്ലാസുകൾ നടത്തുകയുമുണ്ടായി. "കരുണയുടെ വർഷം", "മനുഷ്യാവതാരം ദൈവകാരുണ്യത്തിന്റെ മഹത്വമാതൃക", "കരുണയുടെ ദൈവം ബൈബിളിലൂടെ", "ഗർഭഛിദ്രമെന്ന പാപത്തിൽ നിന്നു മോചനം", "ആത്മികവും ശാരീരികവുമായ കാരുണ്യ പ്രവൃത്തികൾ", "കരങ്ങൾ കോർക്കാം കരുണയോടെ", "കാരുണ്യവർഷം ഒരു വിലയിരുത്തൽ" എന്നീ വിഷയങ്ങളാണ് പ്രത്യേകമായി പഠനവിഷയമാക്കിയത്.



***മലങ്കരയുടെ പിതൃഭവനം സന്ദർശനം : മാന്നാർ വെസ്റ്റ് സെന്റ് കാതറിൻ ഇടവക***



*പുതുപ്പള്ളി ഇടവകയുടെ കരുണയുടെ വാതിൽ സന്ദർശനം*

## ദൈവത്തിന്റെ കാരുണ്യം പ. അമ്മയിലൂടെ

ഏതാനും ഇടവകകളിൽ എട്ട് നോമ്പിന്റെ സന്ധ്യകളിൽ "ദൈവകരുണ നേടാൻ പരിശുദ്ധ അമ്മയുടെ മദ്ധ്യസ്ഥം" എന്ന മുഖ്യപ്രമേയത്തിന്റെ വിവിധവശങ്ങൾ വിശകലനം ചെയ്ത് പ്രസംഗയോഗങ്ങൾ നടത്തുകയുണ്ടായി. ഒരു ഇടവകയിൽ കാരുണ്യവർഷം സംബന്ധിച്ച് പ്രത്യേക ക്വിസ് മത്സരവും ലേഖനമത്സരവും കവിതാരചന മത്സരവും ചിത്രരചനാ മത്സരവും നടത്തി.

## കരുണക്കൊന്തയും ദൈവമാതാവിന്റെ ജപമാലയും

ഏതാനും ഇടവകകൾ കുടുംബങ്ങളിലും കുടുംബകൂട്ടായ്മകളിലും ഭക്തസംഘടനകളുടെ ആഭിമുഖ്യത്തിലും "കരുണക്കൊന്ത" നടത്തി. ഒരു ഇടവക എല്ലാ കുടുംബങ്ങൾക്കും "ഡിവൈൻ മേഴ്സി" ചിത്രം നല്കി. ചില ഇടവകകൾ പ്രത്യേക "ജപമാല റാലി" നടത്തി കരുണയ്ക്കുവേണ്ടി പ്രാർത്ഥിച്ചു. ഒരു ഇടവകയിൽ ഒക്ടോബർ മാസത്തിൽ ബഹു. വികാരി അച്ചന്റെ നേതൃത്വത്തിൽ ഇടവകയിലെ ഭവനങ്ങൾ കേന്ദ്രീകരിച്ച് സന്ധ്യാപ്രാർത്ഥനയും ദൈവമാതാവിന്റെ ജപമാല പ്രാർത്ഥനയും നടത്തിയതായി രേഖപ്പെടുത്തിയിരിക്കുന്നു.

## മത്സരങ്ങൾ

ഏതാനും ഇടവകകൾ എം.സി.സി.എൽ. ദിനത്തിലും മറ്റ് ചില ഇടവകകൾ എം.സി.വൈ.എം. ദിനത്തിലും "കരുണയുള്ളവർ ഭാഗ്യവാന്മാർ എന്തുകൊണ്ടെന്നാൽ അവർക്ക് കരുണ ലഭിക്കും" എന്ന വിഷയത്തെക്കുറിച്ച് ലേഖനമത്സരം നടത്തി.

## രോഗികൾക്കും വൃദ്ധർക്കും പ്രത്യേക പരിഗണന

ബഹു. വികാരി അച്ചന്മാരും സന്യസ്തരും പ്രേഷിതസംഘടനയുടെ ഭാരവാഹികളും പ്രത്യേകമായി രോഗികളെയും വൃദ്ധരെയും ഏകസ്തരെയും സന്ദർശിച്ച് ആശ്വാസം പകരാൻ ശ്രമിച്ചതായി 37 ഇടവകകൾ സൂചിപ്പിച്ചിരിക്കുന്നു. ഇടവക ദിനാഘോഷത്തോടനുബന്ധിച്ചും, പെസഹാ വ്യാഴാഴ്ചയും വിശുദ്ധ കുർബാന സ്വീകരണത്തിനായി ഇടവകയിലെ രോഗികളെയും വൃദ്ധരെയും എം.സി.വൈ.എം.ന്റെ നേതൃത്വത്തിൽ വാഹനങ്ങൾ ക്രമീകരിച്ച് പള്ളിയിൽ കൊണ്ടുവരികയും തിരികെ ഭവനത്തിൽ എത്തിക്കുകയും ചെയ്തതായി 12 ഇടവകകൾ രേഖപ്പെടുത്തിയിരിക്കുന്നു. മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും വിപത്തിനെക്കുറിച്ച് ഇടവകയിൽ പഠനക്ലാസ് നടത്തിയതായി ഒൻപത് ഇടവകകൾ പറയുന്നു. എം.സി.സി.എൽ., എം.സി.വൈ.എം., മാതൃസമാജം, എം.സി.എ. എന്നീ പ്രേഷിത സംഘടനകളുടെ നേതൃത്വത്തിൽ വൃദ്ധമന്ദിരങ്ങളിലും, അനാഥാലയങ്ങളിലും സന്ദർശനം നടത്തി കലാപരിപാടികൾ അവതരിപ്പിച്ചതായും അന്തേവാസികളോടൊപ്പം ഭക്ഷണം പങ്ക് വച്ചതായും പതിനേഴ് ഇടവകകൾ സൂചിപ്പിച്ചിരിക്കുന്നു.

## തിരുനാളുകളിൽ ലാളിത്യം

ഇടവകയുടെ തിരുനാളിൽ സന്ദേശവിഷയം ദൈവകരുണയെക്കുറിച്ചായിരിക്കുകയും തിരുനാൾ ചെലവുകൾ ചുരുക്കി ശേഖരിച്ച തുക മിഷൻ പ്രവർത്തനങ്ങൾക്ക് നല്കിയതായും രണ്ട് ഇടവകകൾ പ്രത്യേകം പരാമർശിച്ചിരിക്കുന്നു.

## യുവജനധ്യാനവും കുമ്പസാരവും

മേഖലാതലത്തിൽ എം.സി.വൈ.എം.ന്റെ ആഭിമുഖ്യത്തിൽ യുവജനങ്ങൾക്കായി പ്രത്യേക ധ്യാനവും കുമ്പസാരവും ക്രമീകരിച്ചതായി ഏഴ് മേഖലകൾ എടുത്ത് പറഞ്ഞിരിക്കുന്നു. കുമ്പസാരത്തിലേക്കും അതുവഴി സജീവ സഭാജീവിതത്തിലേക്കും കൂട്ടിക്കൊണ്ട് വന്ന അനുഭവങ്ങളും ചില എം.സി.വൈ.എം. യൂണിറ്റുകൾ എടുത്ത് പറഞ്ഞിട്ടുണ്ട്.

## ഉപസംഹാരം

സമയബന്ധിതമായി ലഭിച്ച റിപ്പോർട്ടുകൾ മാത്രമേ ഈ ക്രോഡീകരണത്തിൽ ഉൾപ്പെടുത്താൻ സാധിച്ചിട്ടുള്ളു. വളരെ മനോഹരമായ അനേക പ്രവർത്തനങ്ങൾ നടത്തിയ പല ഇടവകകളുടെയും റിപ്പോർട്ട് യഥാസമയം ലഭിക്കാതെ പോയിട്ടുണ്ടാകാം. അത് വായനക്കാർക്ക് ഒരു നഷ്ടമായും ഭവിച്ചിട്ടുണ്ടാകാം. ലഭ്യമായ വസ്തുതകളുടെയും വിവരങ്ങളുടെയും വെളിച്ചത്തിൽ മാത്രമാണ് ഈ വിശദീകരണങ്ങൾ തയ്യാറാക്കിയിരിക്കുന്നത്. ●



# ദൈവസ്നേഹത്തിന്റെ പാഠവും പാതയുമായി സ്ഥാപനങ്ങൾ കാരുണ്യവർഷത്തിൽ



**ഷാജി മാത്യു കുളിയാട്ട്**

ആഗോളീകരണവും സ്വകാര്യവത്ക്കരണവും ലോകക്രമത്തെ രൂപപ്പെടുത്തുമ്പോൾ, സമ്പത്തും സംവിധാനങ്ങളും അധികാരങ്ങളുമെല്ലാം കരുത്തുള്ളവന്റെയും, കൈയൂക്കുള്ളവന്റെയും കാൽക്കീഴിലാവുന്നു. യോഗ്യതയും ആൾബലവും അതിജീവനോപാധികളാവുമ്പോൾ ശതകോടി മാനവർ, അന്നത്തിനും അന്തിയുറക്കത്തിനുമായി ഗത്യന്തരമില്ലാതെ അലഞ്ഞുതിരിയുന്നു. ഈ കാലഘട്ടത്തിലാണ് പ്രവാചക ശബ്ദവുമായി ഫ്രാൻസിസ് മാർപാപ്പാ കാരുണ്യവർഷത്തിനു തുടക്കം കുറിച്ചത്. അതിന്റെ സ്ഫുരണങ്ങൾ ഇങ്ങ് കേരളത്തിലുമെത്തി. കാരുണ്യവർഷത്തിന്റെ ആഹ്വാനം ഉൾക്കൊണ്ടുകൊണ്ട് തിരുവല്ല അതിരൂപതയിലെ സ്ഥാപനങ്ങളും ആത്മീയ, ഭൗതിക മേഖലകളിൽ കാരുണ്യപ്രവർത്തനങ്ങളുമായി മുന്നോട്ട് വന്നത് ഏറെ ശ്ലാഘനീയമാണ്. ഈ ദിശാസന്ധിയിൽ ബന്ധിതർക്കും അടിച്ചമർത്തപ്പെട്ടവർക്കും സ്വാതന്ത്ര്യം നൽകിയവന്റെ പാതയിൽ നിന്നും ദർശനത്തിൽ നിന്നും പിന്തിരിയാതെ, മുന്നോട്ട് നീങ്ങുവാൻ മലങ്കര കത്തോലിക്കാ സഭയിലെ തിരുവല്ല അതിരൂപതയിലെ സാമൂഹ്യ, ആതുര, വിദ്യാഭ്യാസ മേഖലകളിലെ സ്ഥാപനങ്ങൾ പരിശ്രമിച്ചു. തത്ഫലമായി കാരുണ്യത്തിന്റെ കരസ്പർശമായി മാറുവാൻ ഒരു പരിധിവരെ ഈ സ്ഥാപനങ്ങൾക്കു കഴിഞ്ഞിട്ടുമുണ്ട് എന്ന് നമ്മൾ തിരിച്ചറിയുന്നു.

മലങ്കര കത്തോലിക്കാസഭയുടെ ആതുരശുശ്രൂഷാരംഗത്തെ മുഖമായ പുഷ്പഗിരി മെഡിക്കൽ സൊസൈറ്റി കഴിഞ്ഞ 57 വർഷങ്ങ




*പുഷ്പഗിരിയിൽ സംഘടിപ്പിച്ച "പൂമൊട്ടുകൾ" എന്ന കുട്ടികളുടെ സംഗമത്തിൽ പങ്കെടുത്തവർ*

ളായി വൈവിധ്യങ്ങളായ പ്രവർത്തനങ്ങളുമായി സമൂഹത്തിന് നിസ്തുല സേവനം നൽകുന്നു. ആത്മീയ മേഖലയിൽ ഈ സ്ഥാപനം ദിവസവും രോഗികൾക്കായി വി. കുർബ്ബാന അർപ്പണവും, പ്രാർത്ഥനയും നൽകുന്നു. 32 സൗജന്യ മെഡിക്കൽ ക്ലാസുകളിലായി 1181 രോഗികളെ ചികിത്സിച്ച് സൗജന്യ ചികിത്സ പരിപൂർണ്ണമായി നൽകുകയും ചെയ്തു. ലോക ക്യാൻസർ ദിനമായ ഫെബ്രുവരി 4-ാം തീയതി പൊൻകുന്നത് 629 പേരെ ചികിത്സിച്ചു. ലോക കിഡ്നി ദിനത്തിൽ മാർച്ച് 10-ാം തീയതി 125 പേർക്ക് സൗജന്യ ചികിത്സ നൽകി. അന്തർദേശീയ വനിതാദിനത്തിൽ മാർച്ച് 8-ാം തീയതി 45 വയസ്സിനു മുകളിൽ പ്രായമുള്ള 300 വനിതകൾക്ക് ആരോഗ്യപരിശോധനാ പരിപാടിയും, ഓട്ടിസം ബാധിച്ച കുട്ടികൾക്കായി ശാസ്ത്രീയ പദ്ധതികളും നടപ്പിലാക്കി. മദർ തെരേസാ കാരുണ്യപദ്ധതി വഴിയായി പാർശ്വവൽക്കരിക്കപ്പെട്ടവർക്ക് സാന്ത്വനമായി 6,17,56,604 രൂപയുടെ സൗജന്യ ചികിത്സ പദ്ധതി നടത്തുവാൻ കഴിഞ്ഞു. രോഗികൾക്കും അവരുടെ കൂട്ടിരിപ്പുകാർക്കും ഉച്ചഭക്ഷണം നൽകുന്ന പ്രവർത്തനം ഏറെ ശ്രദ്ധേയമാണ്. മിത്ര പദ്ധതി വഴി മെഡിക്കൽ വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ പാവപ്പെട്ട രോഗികളെ സഹായിക്കുന്ന പദ്ധതിപ്രകാരം 67,000 രൂപയുടെ ചികിത്സാ സഹായങ്ങൾ നൽകി. വൃദ്ധസദനങ്ങൾ സന്ദർശിച്ച് 1,25,000 രൂപയുടെ സഹായങ്ങൾ നൽകുകയും മാനസമിത്ര പദ്ധതിയിലൂടെ മാനസിക ബുദ്ധിമുട്ട് അനുഭവിക്കുന്നവരുടെ ബന്ധുക്കളെയും അവരെ ശുശ്രൂഷിക്കുന്നതിനും പരിചരിക്കുന്നതിനുമായി ബോധവത്ക്കരണ ക്ലാസുകൾ നൽകുകയും പുഷ്പഗിരിയിൽ ജനിച്ച മാനസികവും ആരോഗ്യ വെല്ലുവിളികൾ നേരിടുന്ന കുട്ടികളുടെ സംഗമം "പൂമൊട്ടുകൾ" എന്ന പരിപാടിയും കാരുണ്യ വർഷത്തിൽ ചെയ്ത നന്മ



*റേഡിയോ മാക്ഫാസ്റ്റിന്റെ നേതൃത്വത്തിൽ കുട്ടികൾക്ക് സൗജന്യ ബാഗ്, കുട എന്നിവ വിതരണം ചെയ്തപ്പോൾ*



*റാന്നി സെന്റ് മേരീസ് സ്കൂളിന്റെ കാരുണ്യ പ്രവർത്തനങ്ങൾ*

പ്രവൃത്തികളാണ്.

തിരുവല്ല അതിരൂപതയുടെ സാമൂഹ്യ സേവന വിഭാഗമായ ബോധന, മല്ലപ്പള്ളി, നിരണം, റാന്നി, കട്ടപ്പന എന്നീ മേഖലകളിലായി 44,60,126 ലക്ഷം രൂപയുടെ കാരുണ്യ പ്രവർത്തനങ്ങൾ ചെയ്യുകയുണ്ടായി. 204 കുടുംബങ്ങൾക്ക് സ്വയംതൊഴിൽ കണ്ടെത്തുന്നതിനും, ICDP പദ്ധതി പ്രകാരം 298 കുട്ടികൾക്ക് വിദ്യാഭ്യാസ സഹായം ചെയ്യുന്നതിനും കഴിഞ്ഞു. 25 വയസ്സിൽ താഴെയുള്ള അംഗപരിമിതിയുള്ള കുട്ടികളുടെയും യുവജനങ്ങളുടെയും ക്ഷേമത്തിനായി സാന്ത്വന പദ്ധതിയിലൂടെ 359 അംഗപരിമിതർക്ക് സാമ്പത്തിക സഹായം നൽകുകയുണ്ടായി. മാരകമായ രോഗങ്ങൾക്ക് അടിമപ്പെട്ട നിർദ്ധനരായ രോഗികൾക്ക് കൈത്താങ്ങായി ബാലബോധന, സെന്റ് പീറ്റേഴ്സ് ഹാൻഡ് പദ്ധതി വഴി 60 രോഗികൾക്ക് ചികിത്സാ സഹായം നൽകുകയുണ്ടായി. കുടിവെള്ളത്തിനായി ക്ലേശമനുഭവിക്കുന്ന അപ്പർകുട്ടനാടൻ പ്രദേശങ്ങളിൽ Homestead water filter program-ലൂടെ കുടിവെള്ള പദ്ധതി, സമൂഹത്തെ കാർന്നുതിന്നുന്ന ക്യാൻസർ എന്ന മാരകരോഗത്തിന്റെ പിടിയിലമർന്നവരെ സഹായിക്കുന്നതിനായി ക്യാൻസർ ബോധവൽക്കരണ പരിപാടികൾ എന്നിവ നടത്തുകയുണ്ടായി. കോട്ടയം സീരി (SEERI) ഈ കാരുണ്യവർഷത്തിൽ 80,979 രൂപയുടെ വൈദ്യചികിത്സാ സഹായവും, വിദ്യാഭ്യാസ, വിവാഹ സഹായങ്ങളും നൽകുകയുണ്ടായി.

തിരുവല്ല അതിരൂപതയിലെ കുടുംബ പ്രേഷിത കാര്യാലയമായ ശാന്തിനിലയത്തിൽ നിന്നും വിവാഹസഹായങ്ങൾ, രോഗീസഹായങ്ങൾ എന്നിവ അർഹരുടെ കൈകളിലെത്തിക്കുവാൻ പരിശ്രമിച്ചു. നമ്മുടെ അതിരൂപതയിലെ പ്രധാന കോളജുകൾ, കാരുണ്യവർഷത്തിൽ സേവനപാതയിൽ, നന്മയുടെ പുണ്യപ്രവൃത്തികളുമായി മുൻപന്തിയിൽ തന്നെ പ്രവർത്തിച്ചു. തിരുവല്ലാ മാക്ഫാസ്റ്റ് (MACFAST) കോളജ്, MBA വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ ധനസഹായവിതരണം 75,000 രൂപയും, ഉച്ചഭക്ഷണ വിതരണത്തിനായി 48,000 രൂപയും നൽകുകയുണ്ടായി. റേഡിയോ മാക്ഫാസ്റ്റിന്റെ നേതൃത്വത്തിൽ സ്കൂൾ വിദ്യാർത്ഥികൾക്ക് ബാഗ്, കുട ഉൾപ്പെടെ സൗജന്യ സ്കൂൾ കിറ്റ് വിതരണം നടത്തുകയും, 37,500 രൂപയും നിർദ്ധനരായ കുടുംബങ്ങൾക്ക് തണലായി 10,000 രൂപയും, ഭക്ഷണവിതര പദ്ധതിക്കായി 5000 രൂപയും നൽകുകയുണ്ടായി. ഏറ്റവും പ്രധാനമായി സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്കായി 40 ലക്ഷം രൂപയുടെ സ്കോളർഷിപ്പുകൾ നൽകുകയും ചെയ്തു. കുമളി സഹ്യജ്യോതി കോളജിന്റെ നേതൃത്വത്തിൽ വിദ്യാഭ്യാസ സഹായമായി 20,000 രൂപയും, സാമ്പത്തിക പിന്നോക്കാവസ്ഥയുള്ള കുട്ടികളെ സഹായിക്കുന്ന പദ്ധതികളും നടപ്പിലാക്കി മാതൃകയായി പ്രവർത്തിക്കുന്നു. മല്ലപ്പള്ളി മിക്ഫാസ്റ്റ് (MICFAST) കോളജ് കോട്ടയം മെഡി



*മുണ്ടക്കയം സെന്റ് ജോസഫ്സ് സെൻട്രൽ സ്കൂൾ നിർമ്മിച്ചു നല്കിയ ഭവനം*




***ആലപ്പുഴ മാതാ സീനിയർ സെക്കണ്ടറി സ്കൂളിന്റെ നേതൃത്വത്തിൽ ആശുപത്രിയിൽ സൗജന്യ ഭക്ഷണ വിതരണം നടത്തിയപ്പോൾ***

ക്കൽ കോളജുമായി ചേർന്ന് രക്തദാന ക്യാമ്പും, രക്തനിർണ്ണയ ക്യാമ്പുകളും നടത്തുകയുണ്ടായി. 250 രോഗികളെ സഹായിക്കുവാൻ അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും കഴിഞ്ഞു.

നമ്മുടെ കോർപ്പറേറ്റ് മാനേജ്മെന്റിലെ ഗവൺമെന്റ് എയ്ഡഡ് സ്കൂളുകൾ നല്ലപാഠം പ്രവർത്തനങ്ങളും, ജൈവകൃഷി പ്രവർത്തനങ്ങളും, അനാഥാലയ സന്ദർശനങ്ങളും നടത്തി സമൂഹത്തിന് മാതൃകയായി. അതിരൂപതാ ടീച്ചേഴ്സ് ഗിൽഡി ന്റെ നേതൃത്വത്തിൽ കാരുണ്യവർഷ സെമിനാർ നടത്തുകയും ചെയ്തു. സെന്റ് തോമസ് ഹയർ സെക്കണ്ടറി സ്കൂൾ ഇരുവെള്ളിപ്ര, സെന്റ് ജോർജ് ഹൈസ് കൂൾ ചുങ്കപ്പാറ, സെന്റ് മേരീസ് ഹൈസ്കൂൾ ആനിക്കാട് എന്നീ ഹൈസ്കൂളുകളിൽ നിന്നായി 1,57,160 രൂപയുടെ സാമ്പത്തിക സഹായങ്ങൾ കരുണയുടെ വർഷത്തിൽ അർഹർക്ക് നൽകുവാൻ പരിശ്രമിച്ചു. വിദ്യാർത്ഥികൾ, അദ്ധ്യാപകർ എന്നിവരുടെ പിന്തുണ ലഭിച്ചു. നമ്മുടെ എൽ. പി., യു. പി. സ്കൂളുകളുടെ നന്മയുടെ പാഠം പ്രവർത്തനങ്ങൾ അതാണ് ഗ്രാമപ്രദേശങ്ങളിൽ എടുത്തുപറയത്തക്ക പ്രവർത്തനങ്ങൾക്ക് ഉദാഹരണമായിട്ടുണ്ട്.

അതിരൂപതയിലെ അൺ എയ്ഡഡ് ഇംഗ്ലീഷ് മീഡിയം സ്കൂളുകൾ അതാതുപ്രദേശങ്ങളിൽ യേശു ക്രിസ്തുവിന്റെ മുഖമാകുന്ന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി. റാന്നി സെന്റ് മേരീസ് സീനിയർ സെക്കണ്ടറി സ്കൂൾ ഹൃദയ ശസ്ത്രക്രിയക്കായി 2 ലക്ഷം രൂപയും, സ്കൂൾ അദ്ധ്യാപക വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ ഭവനത്തിനായി 7 ലക്ഷം രൂപയും നൽകി. ചികിത്സാസഹായങ്ങൾ, ബോധവൽക്കരണ പ്രവർത്തനങ്ങൾ എന്നിവയിലൂടെ സേവന മാതൃകയുമായി പ്രവർത്തിക്കുന്നു. ചക്കുപള്ളം മേരി മാതാ പബ്ലിക് സ്കൂൾ സ്നേഹപ്പൊതി വിതരണം, ആകാശപ്പറവകളുടെ ഭവന സന്ദർശനം എന്നിവയ്ക്ക് മുൻഗണന നൽകി പ്രവർത്തനത്തിന് പങ്കാളികളാവുകയും 250-ൽപരം അന്തേവാസികളെ സഹായിക്കുന്ന പ്രവർത്തനങ്ങൾ ഏറ്റെടുത്തു നിർവ്വഹിക്കുകയും ചെയ്യുന്നു.

- ആലപ്പുഴ മാതാ സീനിയർ സെക്കണ്ടറി സ്കൂൾ, ആശുപത്രി സന്ദർശനങ്ങൾ, രോഗീസഹായങ്ങൾ, സ്പെഷ്യൽ സ്കൂൾ സന്ദർശനം എന്നിവയ്ക്കായി വിദ്യാർത്ഥികളുടെ സഹകരണത്തോടെ 52,000 രൂപയുടെ സാമ്പത്തിക സഹായങ്ങളും കാരുണ്യപ്രവർത്തനങ്ങളുമായി മാതൃകയായി.





***മൗണ്ട് മേരി പബ്ളിക് സ്കൂൾ ഹൃദയ ശസ്ത്രക്രിയയ്ക്കായി സംഭാവന നൽകിയപ്പോൾ***




• മുണ്ടക്കയം സെന്റ് ജോസഫ്സ് സെൻട്രൽ സ്കൂൾ വിദ്യാർത്ഥികളുടെയും, പൊതുജനങ്ങളുടെയും സഹകരണത്തോടെ ഭവനനിർമ്മാണ പദ്ധതിക്കായി 7,06,035 രൂപയും, വൈദ്യസഹായത്തിനായി വിദ്യാർത്ഥിക്ക് 1,50,000 രൂപയും നൽകുകയുണ്ടായി. കൂടാതെ വിവാഹസഹായം, വിദ്യാഭ്യാസ പദ്ധതി എന്നിവയിലൂടെ 6 ലക്ഷത്തോളം രൂപയുടെ സാമ്പത്തിക സഹായങ്ങൾ ആ പ്രദേശത്തിന് നൽകി നാടിന്റെ വെളിച്ചമായി പ്രവർത്തിച്ചു.

• മാലം മൗണ്ട് മേരി പബ്ലിക് സ്കൂൾ ചികിത്സാ സഹായമായി 65,000രൂപ നൽകുകയുണ്ടായി. കോട്ടയം മെഡിക്കൽ കോളജിൽ രോഗികൾക്ക് ഭക്ഷണമെത്തിക്കുന്നതിനായി ആശ്രയ ചാരിറ്റബിൾ സൊസൈറ്റിക്ക് ഭക്ഷണപ്പൊതികൾ വിതരണം ചെയ്തു. കിഡ്നി ഫെഡറേഷൻ ഓഫ് ഇന്ത്യക്ക് 1 ലക്ഷം രൂപയും വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കുമുള്ള ചികിത്സാസഹായമായി 1,50,000 രൂപ നൽകുകയുണ്ടായി. ഹൃദയശസ്ത്രക്രിയക്കായി PTA-യുടെ നേതൃത്വത്തിൽ 1 ലക്ഷവും കൈമാറി.


ദൈവസ്നേഹത്തിന്റെ പാഠവും, പാതയുമായി നമ്മുടെ അതിരൂപതയിലെ വിവിധ സ്ഥാപനങ്ങൾ സമൂഹത്തിന് നന്മചെയ്തുകൊണ്ട് മലയാളനാടിന്റെ മനസ്സാക്ഷിയായി മാറി എന്നുള്ളത് വസ്തുതയാണ്. ഈ സഹയാത്രയിൽ പ്രാർത്ഥനകൊണ്ടും, സമ്പത്തുകൊണ്ടും, സാന്നിദ്ധ്യം കൊണ്ടും, സഹകരണം കൊണ്ടും, പങ്കാളിത്തം കൊണ്ടും പിന്തുണയേകിയവർ നിരവധിയാണ്. ലഭ്യമായ വിവരങ്ങളിലൂടെയുള്ള ഒരു യാത്രയാണിത്. ഇനിയും പങ്കുവയ്ക്കാനുള്ളവർ ഏറെയുണ്ടെന്നറിയാം. സമൂഹത്തിന് നന്മ ചെയ്യുവാനായി ഒരു തലമുറയെ വാർത്തെടുക്കുവാൻ കാരുണ്യവർഷത്തിൽ നമ്മുടെ സ്ഥാപനങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്. മാനവികതയിലേക്കും ജീവകാരുണ്യ സംസ്കൃതിയിലേക്കുമുള്ള ഒരു മുന്നേറ്റത്തിന് ഗതിവേഗം പകർന്ന ഏവരെയും നന്ദിയോടെ നമുക്ക് സ്മരിക്കാം.



**യൂദാശ്ലീഹായോടുള്ള പ്രാർത്ഥന**

മിശിഹായുടെ ചാർച്ചക്കാരനും/ വിശ്വസ്തദാസനുമായ വി. യൂദാതദേവൂസേ/ ഒറ്റിക്കൊടുത്തവന്റെ പേരുമൂലം മഹിമയേറിയ അപ്പസ്തോലനായ അങ്ങ്/ വിസ്മരിക്കപ്പെടുവാൻ കാരണമായി./ എന്നാൽ കത്തോലിക്കാസഭ മുഴുവനും/ അങ്ങയെ നിരാശരുടേയും അസാദ്ധ്യകാര്യങ്ങളുടെയും / മദ്ധ്യസ്ഥനായി ബഹുമാനിക്കുകയും / അങ്ങയോട് അഭ്യർത്ഥിക്കുകയും ചെയ്യുന്നുവല്ലോ./ നിരവധി ക്ലേശങ്ങൾ അനുഭവിക്കുന്ന എനിക്ക് / അങ്ങയുടെ മദ്ധ്യസ്ഥതയിൽ **(ഇവിടെ ആവശ്യം പറയുക)** / ഈ അനുഗ്രഹം സാധിച്ചു തരണമേ. / എന്റെ എല്ലാ ആവശ്യങ്ങളിലും / വിശിഷ്യ ഇപ്പോൾ എനിക്കു നേരിട്ടിരിക്കുന്ന ആപത്തിലും / എന്നെ പ്രത്യേകം സംരക്ഷിക്കണമേ. / ഈ ഉപകാരം ഞാൻ എന്നും ഓർത്തുകൊള്ളാമെന്നും / എന്റെ പ്രത്യേക മദ്ധ്യസ്ഥനായി / അങ്ങയെ നിരന്തരം ബഹുമാനിച്ചു കൊള്ളാമെന്നും / ഞാൻ വാഗ്ദാനം ചെയ്യുന്നു.

**തോമസ് മാത്യു, തോപ്പിൽകളത്തിൽ, നെല്ലാട്**



**യൂദാശ്ലീഹായോടുള്ള പ്രാർത്ഥന**

മിശിഹായുടെ ചാർച്ചക്കാരനും/ വിശ്വസ്തദാസനുമായ വി. യൂദാതദേവൂസേ/ ഒറ്റിക്കൊടുത്തവന്റെ പേരുമൂലം മഹിമയേറിയ അപ്പസ്തോലനായ അങ്ങ്/ വിസ്മരിക്കപ്പെടുവാൻ കാരണമായി./ എന്നാൽ കത്തോലിക്കാസഭ മുഴുവനും/ അങ്ങയെ നിരാശരുടേയും അസാദ്ധ്യകാര്യങ്ങളുടെയും / മദ്ധ്യസ്ഥനായി ബഹുമാനിക്കുകയും / അങ്ങയോട് അഭ്യർത്ഥിക്കുകയും ചെയ്യുന്നുവല്ലോ./ നിരവധി ക്ലേശങ്ങൾ അനുഭവിക്കുന്ന എനിക്ക് / അങ്ങയുടെ മദ്ധ്യസ്ഥതയിൽ **(ഇവിടെ ആവശ്യം പറയുക)** / ഈ അനുഗ്രഹം സാധിച്ചു തരണമേ. / എന്റെ എല്ലാ ആവശ്യങ്ങളിലും / വിശിഷ്യ ഇപ്പോൾ എനിക്കു നേരിട്ടിരിക്കുന്ന ആപത്തിലും / എന്നെ പ്രത്യേകം സംരക്ഷിക്കണമേ. / ഈ ഉപകാരം ഞാൻ എന്നും ഓർത്തുകൊള്ളാമെന്നും / എന്റെ പ്രത്യേക മദ്ധ്യസ്ഥനായി / അങ്ങയെ നിരന്തരം ബഹുമാനിച്ചു കൊള്ളാമെന്നും / ഞാൻ വാഗ്ദാനം ചെയ്യുന്നു.

**ജിസൺ ജോൺ, തിരുമൂലപുരം**



# കാരുണ്യവർഷത്തിൽ സ്നേഹം സേവനമാക്കിയ അല്മായസാക്ഷ്യം



കാരുണ്യത്തിന്റെ അസാധാരണ ജൂബിലിവർഷം കടന്നു പോയിരിക്കുന്നു. ബന്ധിതർക്കു മോചനവും, അന്ധർക്കു കാഴ്ചയും അടിച്ചമർത്തപ്പെട്ടവർക്കു സ്വാതന്ത്ര്യവും കർത്താവിനു സ്വീകാര്യമായ വത്സരവും പ്രഖ്യാപിക്കുവാൻ വന്ന യേശുനാഥന്റെ ശൈലികൾ ജീവിതത്തിൽ പ്രാവർത്തികമാക്കി കാരുണ്യത്തിന്റെ വിപ്ലവസാക്ഷ്യം സമൂഹത്തിൽ പകർന്നു നൽകാൻ നിയോഗം ലഭിച്ച സുന്ദരവർഷത്തിന്റെ പരിസമാപ്തി... കരുണയുടെ ഹൃദയ കവാടങ്ങൾ അനാഥത്വങ്ങളിലേയ്ക്കും അശരണത്വത്തിലേയ്ക്കും തുറന്നിടാൻ, മനസുകളെ പ്രാപ്തമാക്കി, ദൈവാലയങ്ങളിൽ കരുണയുടെ കവാടങ്ങൾ പ്രതീകാത്മകമായി അടയ്ക്കപ്പെട്ടു. മാമ്മോദീസ വഴിയായി ക്രിസ്തുവിനോട് ചേർന്ന ദൈവജനത്തിന്റെ സാക്ഷ്യം കൂടുതൽ ശക്തവും കാര്യക്ഷമവും ആയിത്തീർന്ന ഒരു വർഷം കടന്നു പോകുമ്പോൾ, നമ്മുടെ ഹൃദയ ഭിത്തികളിൽ ആഞ്ഞടിക്കുന്ന ശബ്ദം, "എനിക്കു വിശന്നു. എനിക്കു ദാഹിച്ചു. ഞാൻ പരദേശിയായിരുന്നു. ഞാൻ നഗ്നനായിരുന്നു. ഞാൻ കാരഗ്രഹത്തിലായിരുന്നു" എന്ന പ്രതിധ്വനികൾ അപരനിലേയ്ക്ക് ആഴ്നിറങ്ങാനുള്ള ആഹ്വാനമായി അവശേഷിക്കുകയാണ്.

2015 ഡിസംബർ മാസം 8 മുതൽ 2016 നവംബർ 20 വരെയുള്ള കാലഘട്ടം കാരുണ്യവർഷമായി പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപ്പാപ്പ പ്രഖ്യാപിച്ചത് യാദൃശ്ചികമല്ല. രണ്ടാം വത്തിക്കാൻ കൗൺസിൽ സമാപിച്ചതിന്റെ സുവർണ്ണ ജൂബിലി സമാപന ദിനത്തിലാണ് കാരുണ്യ വർഷത്തിന് ആരംഭം കുറിച്ചത് എന്നത് ശ്രദ്ധേയമാണ്. സഭ കൂട്ടായ്മയാണെങ്കിൽ കൂട്ടായ്മകളുടെ കൂട്ടായ്മയായ കത്തോലിക്കാ സഭയിൽ അത്മായരുടെ ദൗത്യവും പ്രാധാന്യവും സുവ്യക്തവും അർത്ഥപൂർണ്ണവുമായി അവതരിപ്പിക്കപ്പെട്ടത് രണ്ടാം വത്തിക്കാൻ




**എജി പാറപ്പാട്ട്**
**കെ. സി. വൈ. എം**
**മുൻ സംസ്ഥാനപ്രസിഡന്റ്**



*മാതൃസമാജത്തിന്റെ കാരുണ്യ തുക അഭി. പിതാവിന് കൈമാറിയപ്പോൾ*

കൗൺസിലിലാണല്ലോ? 1962-ൽ ജോൺ 23-ാമൻ മാർപ്പാപ്പ തുടക്കം കുറിക്കുകയും 1965 ഡിസംബർ 8-ന് പോൾ ആറാമൻ മാർപ്പാപ്പയാൽ പൂർത്തീകരിക്കപ്പെടുകയും ചെയ്ത പ്രസ്തുത കൗൺസിൽ, ക്രിസ്തു ദൗത്യങ്ങളിൽ പങ്കുകാരാകാൻ അത്മായരെ ആഹ്വാനം ചെയ്തുകൊണ്ടാണ് അവസാനിച്ചത്. ക്രിസ്തുവിനെ ഈ ലോകത്തിൽ അവതരിപ്പിക്കുവാനും, അവന്റെ ത്രിവിധ ദൗത്യങ്ങൾ ഭൂമിയിൽ സജീവമാക്കുവാനും ഓരോ ക്രിസ്തീയ വിശ്വാസിക്കും കടമയുണ്ടെന്ന് അസന്നിഗ്ധമായി പ്രഖ്യാപിച്ചതും രണ്ടാം വത്തിക്കാൻ കൗൺസിൽ ആണെന്നുള്ളത് ശ്രദ്ധേയമാണ്. അതുകൊണ്ടുതന്നെ ഈ ജൂബിലി വർഷം അർത്ഥപൂർണ്ണമാകുവാൻ ഓരോ അത്മായ സംഘടനകളും സജീവമായിരുന്നു.

1965-ൽ സമാപിച്ച രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ ആഹ്വാനം ഉൾകൊണ്ട് കേരള കത്തോലിക്ക സഭയ്ക്കുതന്നെ മാതൃകയായി 1967-ൽ തന്നെ അത്മായ സംഘടനയ്ക്കു രൂപം നൽകിയ രൂപത എന്ന നിലയിൽ തിരുവല്ല അതിരൂപത ഏറെ പ്രശോഭിക്കുന്നു. കാരുണ്യത്തിന്റെ കരസ്പർശമായി അനേകരിലേയ്ക്ക് ആഴ്നിറങ്ങുന്ന കർമ്മനിരതമായ പ്രവൃത്തികളിൽ പതിറ്റാണ്ടുകളായി ശ്രദ്ധ കേന്ദ്രീകരിച്ചിട്ടുള്ള നമ്മുടെ സംഘടനകൾ ആവേശത്തോടെയാണ് കരുണയുടെ അസാധാരണ ജൂബിലിയെ വരവേറ്റത്. കാരുണ്യവർഷത്തിന്റെ മുന്നൊരുക്കമായി അതിരൂപതയിലെ അത്മായ സഹോദരങ്ങൾ അവയവദാന സമ്മതപത്രം സമർപ്പിച്ചുകൊണ്ട് പരസ്നേഹത്തിന്റെ മാതൃകകളായി.

രണ്ടുള്ളവൻ ഒന്ന് ഇല്ലാത്തവന് നൽകുവാനുള്ള ഗുരുവിന്റെ ആഹ്വാനം സ്വായത്തമാക്കുമ്പോൾ, നൽകുന്നവരും സ്വീകരിക്കുന്നവരും തുല്യരാണെന്ന തിരിച്ചറിവ് കാരുണ്യത്തിന്റെ പുതിയ മുഖമാണ്. പതിറ്റാണ്ടുകളായി ചെയ്തുകൊണ്ടിരിക്കുന്ന സ്നേഹശുശ്രൂഷയോട് ചേർത്തുവച്ച് ഈ ജൂബിലി വർഷത്തിൽ പാർശ്വവത്കരിക്കപ്പെട്ടവരേയും, സാമൂഹിക തിന്മകൾക്ക് ഇരയായവരേയും, രോഗികളെയും ചൂഷിതരേയും, കടക്കെണിയിൽ ജപ്തിയുടെ വക്കിൽ ആയവരേയും സഹായിക്കുന്ന സംഘടിതമായ പ്രവർത്തനങ്ങൾക്കാണ് അതിരൂപതയിലെ ഭക്തസംഘടനകൾ നേതൃത്വം നൽകിയത്.

തന്റെ ഏകജാതനെ ലോകത്തിനു നൽകുവാൻ തക്കവണ്ണം നമ്മോടു കരുണ കാണിച്ച ദൈവത്തിന്റെ സ്നേഹവും അതിന്റെ പൂർത്തീകരണമായ ക്രിസ്തുവിനെ ജീവിത സാക്ഷ്യമാക്കാനുള്ള ശ്രമത്തിലായി



*വിശുദ്ധ മദർ തെരേസ സൗജന്യ ഭക്ഷണപൊതി വിതരണ ഉദ്ഘാടനം*

രുന്നു നമ്മുടെ കുഞ്ഞുങ്ങൾ. മലങ്കര കാത്തലിക് ചിൽഡ്രൻസ് ലീഗിന്റെയും സൺഡേ സ്കൂളിന്റെയും നേതൃത്വത്തിൽ കാരുണ്യ പ്രതിജ്ഞയെടുത്തു. ക്രിസ്തു സ്നേഹിച്ചവരുടെയും ക്രിസ്തുവിനെ സ്നേഹിച്ചവരുടെയും ശീലമായിരുന്നു കാരുണ്യം എന്ന തിരിച്ചറിവ് സജീവമാകുന്ന ബോധവത്കരണത്തിനാണ് ഇവർ നേതൃത്വം നൽകിയത്.

മാനവകുലത്തിന്റെ രക്ഷയ്ക്കുവേണ്ടി ചെറുതാകുവാൻ തീരുമാനമെടുത്ത്, പിറന്നുവീഴാൻ കാലിതൊഴുത്ത് കടമെടുത്ത യേശുനാഥൻ, ദേവാലയത്തെ കച്ചവട സ്ഥലമാക്കിയപ്പോൾ അതിനെതിരെ ചാട്ടവാറെടുത്ത, നമ്മെ വീണ്ടെടുക്കാൻ ശരീരവും രക്തവും പകർന്നു നൽകി കാൽവരിയുടെ നെറുകയിൽ കാരിരുമ്പാണികളാൽ തറയ്ക്കപ്പെടുകയും കുന്തത്താൽ കുത്തപ്പെടുകയും അരിമത്തിയാക്കാരൻ ജോസഫിന്റെ കബർ കടം കൊള്ളുകയും ചെയ്തു. മൂന്നാം നാൾ മഹത്വത്തോടെ ഉയിർത്ത മുപ്പത്തിമൂന്നുകാരന്റെ കാരുണ്യം കൈമുതലാക്കിയ മലങ്കര കത്തോലിക്കാ യുവത അഗതികളിലേയ്ക്കും, അനാഥരിലേയ്ക്കും, ആലംബഹീനരിലേയ്ക്കും, പ്രകൃതിയിലേയ്ക്കും കടന്നു ചെല്ലാൻ പ്രത്യേകം ശ്രദ്ധിച്ചു. സനാതരായിട്ടും അനാഥത്വം പേറുന്ന അമ്മമാരോട് ചേർന്ന് ക്രിസ്തുമസ് ആഘോഷിച്ചു. വെട്ടിനിരത്തപ്പെടുകയും, ഇടിച്ചുനിരത്തുകയും ചെയ്യുന്ന ഭൂമിയിൽ പച്ചപ്പ് പകർന്നു നൽകാൻ വൃക്ഷതൈകൾ നട്ടുപിടിപ്പിച്ചും, തെരുവിൽ അലയുന്നവർക്ക് ഭക്ഷണം നൽകുവാനും, നിർദ്ധന രോഗികൾക്ക് ചികിത്സയ്ക്കാവശ്യമായ ക്രമീകരണങ്ങൾ ചെയ്തും മലങ്കര കാത്തലിക് യൂത്ത് മൂവ്മെന്റ് (എം.സി.വൈ.എം) കാരുണ്യത്തിന്റെ വറ്റാത്ത ഉറവയായി.



*എം. സി. വൈ. എം. ഭാരവാഹികൾ അഗതികളായ അമ്മമാരോടൊപ്പം ഈസ്റ്റർ ആഘോഷിച്ചപ്പോൾ*

വിശക്കുന്നവന്റെ മുൻപിൽ അപ്പത്തിന്റെ രൂപത്തിൽ, സ്നേഹസാന്ത്വനം നിക്ഷേധിക്കുന്നിടത്ത് യഥാർത്ഥ സ്നേഹമായി മാറുവാൻ മലങ്കര കാത്തലിക് അസോസിയേഷന് സാധിച്ചു. സമൂഹത്തിന്റെ പിന്നാമ്പുറങ്ങളിലേക്ക് തള്ളപ്പെട്ടവരെ മുഖ്യധാരകളിൽ എത്തിക്കുന്നതിനാവശ്യമായ വിദ്യാഭ്യാസ സഹായപദ്ധതികളും, ഭവനരഹിതർക്ക് വീടുകൾ നിർമ്മിച്ചു നൽകിയും, വൃക്ക രോഗികൾക്കും ഹൃദ്രോഗികൾക്കും കൈത്താങ്ങാകുവാനും എം.സി.എ എന്ന അത്മായ സംഘടന സജീവ സാന്നിദ്ധ്യമായി.

വലംകൈ ചെയ്യുന്നത് ഇടംകൈ അറിയാതിരിക്കാൻ ശ്രദ്ധ പുലർത്തുകയും കാരുണ്യ പ്രവൃത്തികൾ ജീവിതചര്യകളാക്കുകയും ചെയ്ത വിൻസന്റ് ഡി. പോൾ സൊസൈറ്റി അനേകർക്ക് അത്താണിയായി. ആത്മാവില്ലാത്ത ശരീരം മൃതമായിരിക്കുന്നതുപോലെ പ്രവൃത്തി കൂടാതെയുള്ള വിശ്വാസവും നിർജ്ജീവമാണ്. ഈ ചിന്ത ജീവവായു പോലെ ശ്വസിക്കുകയും ദത്തുകുടുംബങ്ങളെ സഹായിക്കുന്നതിലും കാരുണ്യ ഭവനങ്ങളിലേയ്ക്കും, ആകാശപറവകളുടെ ദുഃഖങ്ങളിലേയ്ക്കും കടന്നുചെന്ന് അവരെ സഹായിക്കുന്നതിലും ശ്രദ്ധ കേന്ദ്രീകരിച്ചു. നിശ്ശബ്ദ സേവനത്തിന്റെ ആൾരൂപമായ കൂട്ടായ്മ കാരുണ്യത്തിന്റെ വലിയ സ്നേഹശുശ്രൂഷകൾ നിർവ്വഹിച്ചു.

"അമ്മ" കാരുണ്യത്തിന്റെ മറ്റൊരു വിളിപേര്... കാനായിലെ കല്യാണവീട്ടിൽ, പുത്രന്റെ മഹത്വം വെളിപ്പെടുത്താൻ ആവശ്യപ്പെടുന്ന അമ്മ, കാൽവരിയിലേക്കുള്ള യാത്രയിൽ മകന്റെ സഹനങ്ങൾ ഹൃദയത്തിൽ സംഗ്രഹിച്ച പരിശുദ്ധ അമ്മയുടെ മാതൃക ജീവിതയാത്രകളിൽ കൈമുതലാക്കിയിട്ടുള്ള നമ്മുടെ അമ്മമാരുടെ സംഘടനയായ മാതൃസമാജവും കുടുംബപ്രേഷിത കാര്യാലയവും ഒത്തുചേർന്ന്, "ജീവനുണ്ടാകുവാനും അത് സമൃദ്ധമായി ഉണ്ടാകുവാനും" എന്ന വചനത്തിൽ ഉറച്ച പ്രവർത്തനങ്ങൾക്കാണ് പ്രാധാന്യം നൽകിയത്. പ്രാർത്ഥനയോടും പഠനത്തോടും ഉപവി പ്രവർത്തനങ്ങളോടും ചേർത്ത് പാവപ്പെട്ട പെൺകുട്ടികളുടെ വിവാഹത്തിനായി ധനസമാഹരണം നടത്തുകയും നിർദ്ധനരായ സ്ത്രീകളുടെ പ്രസവ ശുശ്രൂഷയ്ക്കായി വിവിധ യൂണിറ്റുകളുടെ നേതൃത്വത്തിൽ തുക സമാഹരിച്ച് അഭിവന്ദ്യ പിതാവിനെ ഏൽപ്പിച്ച് കാരുണ്യവർഷത്തിന്റെ ആത്മീയ ആഹ്വാനം സ്വീകരിച്ചു.

സ്നേഹ ശൂന്യത കാലഘട്ടത്തിന്റെ ഏറ്റവും വലിയ ശാപമാണെന്ന് തിരിച്ചറിഞ്ഞ ലീജൻ ഓഫ് മേരിയുടെ പ്രവർത്തകർ സേവനത്തിന്റെ സ്നേഹശുശ്രൂഷകൾക്ക് നേതൃത്വം നൽകി. വൃദ്ധജനങ്ങൾ ഒറ്റപ്പെട്ട തുരുത്തുകളിൽ കടന്നു ചെല്ലുവാനും അവരോടൊപ്പം സമയം ചിലവഴിക്കാനും രോഗികളെ പരിച

രിക്കാനും സ്നേഹലേപനമാകുവാനും പ്രത്യേകം ശ്രദ്ധചെലുത്തി.

പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപ്പാപ്പ ആഗോള കത്തോലിക്കാ സഭയിൽ കാരുണ്യത്തിന്റെ അസാധാരണ ജൂബിലി വർഷം പ്രഖ്യാപിച്ച്, കാരുണ്യത്തിന്റെ ജീവിത സാക്ഷികളാകുവാൻ വിശ്വാസ സമൂഹത്തെ ആഹ്വാനം ചെയ്തു. എന്നാൽ ലോകം മുഴുവനുള്ള സകലരും ജാതി, മത, വർഗ്ഗ, വർണ്ണ ചിന്തകൾക്കതീതമായി ഈ ആഹ്വാനം ഏറ്റെടുത്തു. “എന്റെ സഹോദരന്റെ കാവൽക്കാരൻ ഞാനാണ്” എന്ന തിരിച്ചറിവിലേയ്ക്ക് മാനവരാശിയെ നയിക്കാൻ കാരുണ്യ വർഷാചരണം ഇടയാക്കി.

കാരുണ്യ വർഷത്തിന്റെ സമാപനത്തോടെ അടയേണ്ട അദ്ധ്യായമല്ല കാരുണ്യം. ഒരിക്കൽ ക്രിസ്തു അനുഭവം സ്വന്തമാക്കിയവർക്ക് ഒഴിച്ചുകൂടാനാവാത്ത ശീലമായി കാരുണ്യം മാറുന്നു. ഇത് വെറും സഹതാപപ്പെടൽ അല്ല മറിച്ച് മറ്റുള്ളവരുടെ ദുഃഖം എന്റേതുകൂടി ആക്കുകയാണ്. പ്രകൃതി സ്നേഹം, പരിസ്ഥിതി, ജൈവം തുടങ്ങിയ പദങ്ങൾ നിത്യജീവിതത്തിൽ പല രീതിയിൽ നാം ശ്രവിക്കുന്നുണ്ട്. മനുഷ്യനും പ്രകൃതിയുമായുള്ള ബന്ധം നഷ്ടപ്പെടുന്നു എന്നത് സമ്മതിക്കാതെ വയ്യ. കളകളേയും വിത്തിനേയും ഒരുപോലെ വളരാൻ അനുവദിച്ചവന് പക്ഷിമൃഗാദികൾക്കുവേണ്ടി വയലിന്റെ വരമ്പ് കൊയ്യാതിരിക്കാൻ ഉപദേശിച്ചവന് കാറ്റിനെയും കടലിനേയും തിരമാലകളേയും ശാന്തമാക്കിയവന് പ്രകൃതിയുടെ താളഭേദങ്ങളുമായി അഭേദ്യമായ ബന്ധം ഉണ്ടായിരുന്നു. മണ്ണിനോടും മരങ്ങളോടും വനത്തോടും പ്രകൃതിയോടുമുള്ള ബന്ധം നമ്മുടെ തലമുറയ്ക്ക് നഷ്ടപ്പെട്ടിരിക്കുന്നു.



*സണ്ടേസ്കൂളിന്റെ ആഭിമുഖ്യത്തിൽ കാരുണ്യവർഷ പ്രതിജ്ഞ കുട്ടികൾ ഒപ്പു വച്ചപ്പോൾ*

ഇന്ന് പണി കഴിക്കുന്ന സൗധങ്ങൾ പലതും നാളത്തെ സ്മാരകങ്ങളായിരിക്കും. വരുന്ന തലമുറ നമ്മെ വിലമതിക്കുന്നത് ഇത്തരം അവശിഷ്ടങ്ങളുടെ പേരിലായിരിക്കില്ല. മറിച്ച് അവർക്കായി കേടുകൂടാതെ പ്രകൃതിയെ നാം കൈമാറുന്നു എന്നതിലായിരിക്കും. അതിനാൽ നാളത്തെ തലമുറയ്ക്കുവേണ്ടി എന്തെങ്കിലുമൊക്കെ നട്ടുവെച്ചും പരമാവധി കുറച്ച് ചൂഷണം ചെയ്തും അപരിനിലേക്ക് ആർദ്രതയുടെ കരങ്ങൾ നീട്ടിയും, ദൈവകാരുണ്യത്തിന്റെ മഹാരഹസ്യം സകലർക്കും പരിചയപ്പെടുത്തിയും നമുക്ക് ഹൃദയ കവാടങ്ങളെ തുറന്ന് കാരുണ്യത്തിന്റെ സാക്ഷികളാകാം.



*തിരുവല്ല ഗവ. ഹോസ്പിറ്റൽ വൃത്തിയാക്കുന്നു.*



*എം. സി. വൈ. എം. വൃക്ഷ സമൃദ്ധി ഉദ്ഘാടനം*

■

# കാരുണ്യവർഷ സമാപനം




4-ാം പേജ് തുടർച്ച

സമർപ്പിതരും കന്യകകളും ഗൃഹസ്ഥരുമായ ഈ കാരുണ്യ നിർത്സരികൾക്കൊപ്പം സഭാമാതാവിന്റെ സർവ്വസന്താനങ്ങളും പോഷക നീർച്ചാലുകളായി ഒഴുകി, ഈ പാരിനെ കരുണാപൂരിതമാക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു.

പത്രോസിന്റെ ചത്വരമട്ടുപ്പാവിൽ നിന്നും ഒരാണ്ടു മുമ്പ് മുഴക്കിയത്. ഈ തുയിലുണർത്തൽ ഇന്നു സമാപിക്കുന്ന കാരുണ്യവർഷവും പിന്നിട്ട് അനശ്വരതയിലേക്കുള്ള ഓംകാരനാദമായി നീണ്ടു നില്ക്കട്ടെ എന്ന പ്രാർത്ഥനയാണ് എന്റെ ഹൃദയത്തിൽ നിറഞ്ഞു നില്ക്കുന്നത്.


സ്വാർത്ഥത പടർത്തുന്ന മണൽക്കാടുകൾക്കിടയിലും കണ്ണിനു പൊൻക്കണികളായി കരുണയുടെ മരുപ്പച്ചകൾ അവിടവിടെയായി ഇടതൂർന്നു നില്ക്കുന്നുണ്ട് എന്നതിനു ദൃഷ്ടന്തമാണ് ഈ ലക്കത്തിലെ താളുകൾ സഭാമാതാവിന്റെ നെഞ്ചോടുചേർന്ന് തല ചായ്ച്ചുകിടന്ന് കരുണാർദ്രമായ ആ ഹൃദയതാളം സ്വന്തം ഉയിരിലേക്കും ചര്യകളിലേക്കും ആവാഹിച്ച് അശരണർക്ക് സ്വഛതയുടെ താരാട്ടുതാളം സമ്മാനിക്കുവാനായി മിടിച്ചുകൊണ്ടിരിക്കുകയാണ് ഇവരുടെ സ്നേഹപൂരിത ഹൃദയങ്ങൾ. പുരോഹിതരും



**യൂദാശ്ലീഹായോടുള്ള പ്രാർത്ഥന**

മിശിഹായുടെ ചാർച്ചക്കാരനും/ വിശ്വസ്തദാസനുമായ വി. യൂദാതദേവൂസേ/ ഒറ്റിക്കൊടുത്തവന്റെ പേരുമൂലം മഹിമയേറിയ അപ്പസ്തോലനായ അങ്ങ്/ വിസ്മരിക്കപ്പെടുവാൻ കാരണമായി./ എന്നാൽ കത്തോലിക്കാസഭ മുഴുവനും/ അങ്ങയെ നിരാശരുടേയും അസാദ്ധ്യകാര്യങ്ങളുടെയും / മദ്ധ്യസ്ഥനായി ബഹുമാനിക്കുകയും / അങ്ങയോട് അഭ്യർത്ഥിക്കുകയും ചെയ്യുന്നുവല്ലോ./ നിരവധി ക്ലേശങ്ങൾ അനുഭവിക്കുന്ന എനിക്ക് / അങ്ങയുടെ മദ്ധ്യസ്ഥതയിൽ **(ഇവിടെ ആവശ്യം പറയുക)** / ഈ അനുഗ്രഹം സാധിച്ചു തരണമേ. / എന്റെ എല്ലാ ആവശ്യങ്ങളിലും / വിശിഷ്യ ഇപ്പോൾ എനിക്കു നേരിട്ടിരിക്കുന്ന ആപത്തിലും / എന്നെ പ്രത്യേകം സംരക്ഷിക്കണമേ. / ഈ ഉപകാരം ഞാൻ എന്നും ഓർത്തുകൊള്ളാമെന്നും / എന്റെ പ്രത്യേക മദ്ധ്യസ്ഥനായി / അങ്ങയെ നിരന്തരം ബഹുമാനിച്ചു കൊള്ളാമെന്നും / ഞാൻ വാഗ്ദാനം ചെയ്യുന്നു.

**ഒരു വിശ്വാസി, തിരുമൂലപുരം**



**യൂദാശ്ലീഹായോടുള്ള പ്രാർത്ഥന**

മിശിഹായുടെ ചാർച്ചക്കാരനും/ വിശ്വസ്തദാസനുമായ വി. യൂദാതദേവൂസേ/ ഒറ്റിക്കൊടുത്തവന്റെ പേരുമൂലം മഹിമയേറിയ അപ്പസ്തോലനായ അങ്ങ്/ വിസ്മരിക്കപ്പെടുവാൻ കാരണമായി./ എന്നാൽ കത്തോലിക്കാസഭ മുഴുവനും/ അങ്ങയെ നിരാശരുടേയും അസാദ്ധ്യകാര്യങ്ങളുടെയും / മദ്ധ്യസ്ഥനായി ബഹുമാനിക്കുകയും / അങ്ങയോട് അഭ്യർത്ഥിക്കുകയും ചെയ്യുന്നുവല്ലോ./ നിരവധി ക്ലേശങ്ങൾ അനുഭവിക്കുന്ന എനിക്ക് / അങ്ങയുടെ മദ്ധ്യസ്ഥതയിൽ **(ഇവിടെ ആവശ്യം പറയുക)** / ഈ അനുഗ്രഹം സാധിച്ചു തരണമേ. / എന്റെ എല്ലാ ആവശ്യങ്ങളിലും / വിശിഷ്യ ഇപ്പോൾ എനിക്കു നേരിട്ടിരിക്കുന്ന ആപത്തിലും / എന്നെ പ്രത്യേകം സംരക്ഷിക്കണമേ. / ഈ ഉപകാരം ഞാൻ എന്നും ഓർത്തുകൊള്ളാമെന്നും / എന്റെ പ്രത്യേക മദ്ധ്യസ്ഥനായി / അങ്ങയെ നിരന്തരം ബഹുമാനിച്ചു കൊള്ളാമെന്നും / ഞാൻ വാഗ്ദാനം ചെയ്യുന്നു.

**ഒരു വിശ്വാസി, റാന്നി**

കാരുണ്യവർഷം ആചരിക്കുന്നത് കുറെ കാരുണ്യപ്രവർത്തികൾ ചെയ്യുവാൻവേണ്ടിയാണ് എന്ന് തെറ്റിദ്ധരിച്ചേക്കാം. അനുമോദനപ്രവാഹങ്ങൾ ഉണ്ടാകാൻ സാദ്ധ്യതയുമുണ്ട്. ശ്രദ്ധിക്കപ്പെടുമെന്നതുകൊണ്ട് പ്രവൃത്തികൾക്ക് പൊതുവേ പ്രാധാന്യം കൂടുതലുണ്ടാകാം. എന്നാൽ ഈ പ്രലോഭനത്തെ മുൻപിൽ കണ്ടുകൊണ്ടുതന്നെയാണ് ദൈവത്തിന്റെ കാരുണ്യം വ്യക്തിപരമായി അനുഭവിക്കുവാനുള്ള അവസരമായി സവിശേഷജൂബിലി വർഷത്തെ കാണണമെന്ന് പരിശുദ്ധ പിതാവ് പഠിപ്പിച്ചത്; അതിനുവേണ്ടിയാണ് കരുണയുടെ കവാടങ്ങൾ സൂചനപരമായി തുറന്നത്. കുമ്പസാരമെന്ന കരുണയുടെ കൂദാശ കൂടെക്കൂടെ സ്വീകരിക്കണമെന്നും, കരുണയുടെ മൂർത്തീകരണവും പൂർത്തീകരണവുമായ ദിവ്യകാരുണ്യത്തിൽ ആഴമായി സങ്കേതം പ്രാപിക്കണമെന്നും മാർപാപ്പ പഠിപ്പിച്ചു. നമ്മുടെ വിളിയും ഭാഗ്യവും ദൈവകരുണ അനുഭവിക്കുന്നതിലാണ്. തുടർന്നുള്ള നമ്മുടെ ജീവിതത്തിൻ ഈ അനുഭവം ശക്തമായ ഊർജ്ജം നൽകട്ടെ എന്നു പ്രാർത്ഥിക്കുന്നു.

കഴിഞ്ഞ ഒരു വർഷം നമ്മുടെ അതിരൂപതയിൽ നിർവ്വഹിച്ച കാരുണ്യശുശ്രൂഷകളെ അനുവാചകർക്കു പരിചയപ്പെടുത്തുക എന്നതുവഴി വർദ്ധിതമായ ചുറുചുറുക്കോടെ കാരുണ്യത്തിന്റെ മുഖമാകുവാൻ നമുക്കും ഇടവകകൾക്കും സ്ഥാപനങ്ങൾക്കും കുടുംബങ്ങൾക്കും വ്യക്തികൾക്കും കഴിയണം. ഇതിൽ സഹകരിച്ച ഏവർക്കും നല്ല തമ്പുരാൻ സമൃദ്ധമായ അനുഗ്രഹങ്ങൾ ചൊരിയട്ടെ എന്നു പ്രാർത്ഥിക്കുന്നു. കോട്ടയം മെഡിക്കൽ കോളജ് ആശുപത്രിയിൽ രോഗിയായി കിടന്ന പി. യു. തോമസ് എന്ന 15 വയസുകാരൻ വീട്ടിൽനിന്നും കൊണ്ടുവന്ന ഉച്ചഭക്ഷണം കഴിക്കുവാൻ ശ്രമിക്കുമ്പോൾ ഒരിറ്റുവറ്റുകിട്ടിയിരുന്നു എന്നാശിച്ച്, അപ്പുറത്തു ബെഡിൽ കിടന്ന രോഗിയുടെ ഒരുനോട്ടം, 51 വർഷമായി കരുണയുടെ വറ്റാത്ത മുഖമായി നവജീവൻ എന്ന വലിയ പ്രസ്ഥാനമായതുപോലെ, ഏതാണ്ട് 40 ലക്ഷം രൂപയിൽ അധികം ഓരോ മാസവും ചെലവഴിച്ച് നിർദ്ധനരെ പോറ്റുകയും രോഗികളെ ചികിത്സിക്കുകയും ചെയ്യുന്ന ശോഭയാർന്ന കൂട്ടായ്മയായപോലെ, സ്നേഹസ്യണമായ ഈ ശീതളകാറ്റിൽ ആടിയുലഞ്ഞ് സന്തോഷിക്കുവാൻ നമുക്കും ഈ എളിയ സംരംഭങ്ങൾ കാരണമാകുമല്ലോ എന്നതാണ് ഈ മാസത്തെ ഐക്യദീപത്തിന്റെ ഇതിവൃത്തം. സമാഗതമാകുന്ന ക്രിസ്തുമസിന്റെയും പുതുവത്സരത്തിന്റെയും നന്മകൾ ആശംസിക്കുന്നു.

# തിരുവല്ല മേഖല

**1. സെന്റ്. മേരീസ്, വേങ്ങൽ**
പ്രവർത്തനങ്ങൾ
1. ഭക്ഷണവിതരണപദ്ധതി

**2. സെന്റ്. ജോൺസ്, തിരുവൻവണ്ടൂർ**
പ്രവർത്തനങ്ങൾ
1. ഭവനനിർമ്മാണ പദ്ധതി
2. വൈദ്യസഹായ പദ്ധതി
3. വിദ്യാഭ്യാസ പരിപാടി
4. ഭക്ഷണവിതരണ പദ്ധതി

**3. സെന്റ്. തോമസ്, ചങ്ങനാശ്ശേരി**
പ്രവർത്തനങ്ങൾ
1. ഭവനനിർമ്മാണ പദ്ധതി
2. വൈദ്യസഹായ പദ്ധതി
3. വിദ്യാഭ്യാസ പരിപാടി
4. ഭക്ഷണവിതരണ പദ്ധതി

**4. സെന്റ്. ജോർജ് പായിപ്പാട്**
പ്രവർത്തനങ്ങൾ
1. വൈദ്യസഹായ പദ്ധതി
2. വിദ്യാഭ്യാസ പരിപാടി
3. ഭക്ഷണവിതരണ പദ്ധതി
4. ആതുരാലയ സന്ദർശനം

**5. സെന്റ്. മേരീസ് , തോട്ടഭാഗം**
പ്രവർത്തനങ്ങൾ
1. ഭവന നിർമ്മാണ പദ്ധതി
2. വിദ്യാഭ്യാസ പരിപാടി
3. ഭക്ഷണവിതരണ പദ്ധതി
4. സംഭാവന – പള്ളിനിർമ്മാണം

**6. ലിറ്റിൽ ഫ്ളവർ കോട്ടൂർ**
പ്രവർത്തനങ്ങൾ
1. വൈദ്യസഹായ പദ്ധതി
2. വിദ്യാഭ്യാസ പരിപാടി
3. ഭക്ഷണവിതരണ പദ്ധതി
4. ഭവനനിർമ്മാണ പദ്ധതി

**7. സെന്റ്. ജോൺസ് കത്തീഡ്രൽ**
പ്രവർത്തനങ്ങൾ
1. വൈദ്യസഹായ പദ്ധതി
2. വിദ്യാഭ്യാസ പരിപാടി
3. ഭക്ഷണവിതരണം പദ്ധതി
4. ഭവനനിർമ്മാണ പദ്ധതി

**8. സെന്റ്. ജോർജ്ജ്, കല്ലുങ്കൽ**
പ്രവർത്തനങ്ങൾ
1. വിദ്യാഭ്യാസ പദ്ധതി
2. അഗതികൾക്ക് സഹായം
3. വൈദ്യസഹായം

**9. സെന്റ്. മേരരീസ്, തിരുമൂലപുരം**
പ്രവർത്തനങ്ങൾ
1. വൈദ്യസഹായ പദ്ധതി
2. വിദ്യാഭ്യാസ പരിപാടി
3. ഭക്ഷണവിതരണം പദ്ധതി
4. ഭവനനിർമ്മാണ പദ്ധതി
5. ശുചീകരണം

**10. സെന്റ്. മേരീസ് , പെരിങ്ങര**
പ്രവർത്തനങ്ങൾ
1. ഫാമിലി സ്പോൺസർഷിപ്
2. വിദ്യാഭ്യാസ പരിപാടി
3. ശവസംസ്കാര സഹായം
4. സാരീരിക മാനസിക വൈകല്ല്യമുള്ള വരെ ആദരിക്കൽ

**10. സെന്റ്. തോമസ്, കല്ലിശ്ശേരി**
പ്രവർത്തനങ്ങൾ
1. വൈദ്യസഹായ പദ്ധതി
2. വിദ്യാഭ്യാസ പരിപാടി
3. ഭക്ഷണവിതരണം പദ്ധതി
4. ഭവനനിർമ്മാണ പദ്ധതി

# കോട്ടയം മേഖല

**1. സെന്റ്. മേരീസ്, പാമ്പാടി**
പ്രവർത്തനങ്ങൾ
1. വൈദ്യസഹായ പദ്ധതി
2. വിദ്യാഭ്യാസ പരിപാടി
3. രോഗി സന്ദർശനം

**2. സെന്റ്. ജോസഫ്, കാനം**
പ്രവർത്തനങ്ങൾ
1. വൈദ്യസഹായ പദ്ധതി
2. ഭക്ഷണവിതരണ പദ്ധതി
3. കാരുണ്യപ്രവർത്തനങ്ങൾ
4. കല്ലറ നിർമ്മാണം

**3. ഹോളി ക്രോസ്, നെടുമാവ്**
പ്രവർത്തനങ്ങൾ
1. വോൾട്ട് നിർമ്മാണം

**4. സെന്റ്.അൽഫോൺസ,ഗാന്ധിനഗർ**
പ്രവർത്തനങ്ങൾ
1. വൈദ്യസഹായ പദ്ധതി
2. വിദ്യാഭ്യാസ സഹായം
3. ഭവന നിർമ്മാണം
4. ജീവകാരുണ്യ പ്രവർത്തനങ്ങൾ

**5. സെന്റ്. മേരീസ്, കുമരകം**
പ്രവർത്തനങ്ങൾ
1. ഭവനനിർമ്മാണ പദ്ധതി
2. വിദ്യാഭ്യാസ പദ്ധതി

**6. സെന്റ്.മേരീസ്, പുതുപ്പള്ളി**
പ്രവർത്തനങ്ങൾ
1. വൈദ്യസഹായ പദ്ധതി

**7. സെന്റ്. തോമസ്, സീരി**
പ്രവർത്തനങ്ങൾ
1. വിദ്യാഭ്യസ സഹായം
2. ഭക്ഷണവിതരണ പദ്ധതി
3. ഭവനനിർമ്മാണ സഹായം
4. വിവാഹ സഹായം

**8. ലിറ്റിൽ ഫ്ളവർ, കളത്തിപ്പടി**
പ്രവർത്തനങ്ങൾ
1. വൈദ്യസഹായ പദ്ധതി
2. ഭക്ഷണവിതരണ പദ്ധതി
3. വിദ്യാഭ്യാസ പദ്ധതി

**9. സെന്റ്. തോമസ്, മുണ്ടിയാക്കൽ**
പ്രവർത്തനങ്ങൾ
1. വൈദ്യസഹായ പദ്ധതി
2. ഭക്ഷണവിതരണ പദ്ധതി
3. വിദ്യാഭ്യസ സഹായം
4. സ്നേഹഭവൻ സന്ദർശനം

**10. ലിറ്റിൽ ഫ്ളവർ, കിച്ചാൽ**
പ്രവർത്തനങ്ങൾ
1. വൈദ്യസഹായ പദ്ധതി
2. വിദ്യാഭ്യാസ സഹായം
3. ആദ്യകുർബാന സഹായം

**11. സെന്റ്. തോമസ്, വാകത്താനം**
പ്രവർത്തനങ്ങൾ
1. വൈദ്യസഹായ പദ്ധതി
2. ഭക്ഷണവിതരണ പദ്ധതി
3. ഭവനനിർമ്മാണ പദ്ധതി
4. വിവാഹ സഹായം
5. വിദ്യാഭ്യാസ സഹായം

**12. സെന്റ്. മേരീസ്, മാലം**
പ്രവർത്തനങ്ങൾ
1. പരിസ്ഥിതി ദിനാഘോഷം
2. കാരുണ്യ പ്രവർത്തനം

# എരുമേലി മേഖല

**1. ഹോളി ട്രിനിറ്റി, കോരുത്തോട്**
പ്രവർത്തനങ്ങൾ
1. രോഗീ സന്ദർശനം
2. ഭക്ഷണസാധന വിതരണം

**2. സെന്റ്. ജോസഫ്, മുണ്ടക്കയം**
പ്രവർത്തനങ്ങൾ
1. വിദ്യാഭ്യാസ സഹായം
2. കാരുണ്യ പ്രവർത്തനം
3. ആശാഭവൻ സന്ദർശനം
4. അനാഥാലയ സന്ദർശനം
5. വൈദ്യസഹായ പദ്ധതി
6. രോഗീ സന്ദർശനം

**3. സെന്റ്.ജോസഫ്, ഇടത്തിക്കാവ്**
പ്രവർത്തനങ്ങൾ
1. വൈദ്യസഹായ പദ്ധതി
2. ഭക്ഷണവിതരണം പദ്ധതി
3. വസ്ത്രവിതരണ പദ്ധതി
4. വിദ്യാഭ്യാസ പദ്ധതി

**4. സെന്റ്. ജോസഫ്, മണ്ണടിശാല**
പ്രവർത്തനങ്ങൾ
1. വൈദ്യസഹായ പദ്ധതി
2. ഭക്ഷണവിതരണ പദ്ധതി
3. വസ്ത്രവിതരണ പദ്ധതി
4. വിദ്യാഭ്യാസ പദ്ധതി

**5. സെന്റ്. ജോർജ്ജ്, ചിറ്റടി**
പ്രവർത്തനങ്ങൾ
1. ആശ്രമം സന്ദർശനം
2. ഭക്ഷണവിതരണ പദ്ധതി

**6. സെന്റ്. തോമസ്, മുക്കട**
പ്രവർത്തനങ്ങൾ
1. വൈദ്യസഹായ പദ്ധതി
2. ഭക്ഷണവിതരണ പദ്ധതി
3. രോഗീ സന്ദർശനം

**7. സെന്റ്. മേരീസ്, മുക്കൂട്ടുതറ**
പ്രവർത്തനങ്ങൾ
1. വൈദ്യസഹായ പദ്ധതി
2. വിവാഹ സഹായം

**8. സെന്റ്. തോമസ്, ഇടകടത്തി**
പ്രവർത്തനങ്ങൾ
1. വിവാഹസഹായം

## കുമളി മേഖല

**1. സെന്റ്. മേരീസ്, അണക്കര**
പ്രവർത്തനങ്ങൾ
1. വൈദ്യസഹായ പദ്ധതി
2. സാമ്പത്തിക സഹായ പദ്ധതി

**2. സെന്റ്. മേരീസ്, വണ്ടൻമേട്**
പ്രവർത്തനങ്ങൾ
1. വൈദ്യസഹായ പദ്ധതി
2. കുടിവെള്ള പദ്ധതി

**3. സെന്റ്. തോമസ്, കല്ലാർ**
പ്രവർത്തനങ്ങൾ
1. വൈദ്യസഹായ പദ്ധതി
2. ഭവനനിർമ്മാണ പദ്ധതി
3. ടോയിലെറ്റ് നിർമ്മാണം

**4. സെന്റ്. മേരീസ്, ചക്കുപള്ളം**
പ്രവർത്തനങ്ങൾ
1. ഭക്ഷണവിതരണ പദ്ധതി
2. സാമ്പത്തിക സഹായം

**5. സെന്റ്. മേരീസ്, ചേറ്റുകുഴി**
പ്രവർത്തനങ്ങൾ
1. ഭവനനിർമ്മാണ പദ്ധതി
2. അനാഥാലയ സന്ദർശനം

**6. സെന്റ്. മേരീസ്, കുമളി**
പ്രവർത്തനങ്ങൾ
1. വൈദ്യസഹായ പദ്ധതി
2. ഭവനനിർമ്മാണ പദ്ധതി
3. ഭക്ഷണവിതരണ പദ്ധതി

**7. സെന്റ്. മേരീസ് മിഷൻ, വണ്ടിപ്പെരിയാർ**
പ്രവർത്തനങ്ങൾ
1. വിദ്യാഭ്യാസ സഹായം

## നിരണം മേഖല

**1. സെന്റ്.വിൻസെന്റ് ഡി പോൾ, നെടുംപുറം**
പ്രവർത്തനങ്ങൾ
1. വിദ്യാഭ്യാസ സഹായം

**2. സെന്റ്. മേരീസ്, മാന്നാർ ഈസ്റ്റ്**
പ്രവർത്തനങ്ങൾ
1. വൈദ്യസഹായ പദ്ധതി
2. ഭവനനിർമ്മാണ പദ്ധതി

**3. സെന്റ്. ജോസഫ്, നിരണം സെൻട്രൽ**
പ്രവർത്തനങ്ങൾ
1. വൈദ്യസഹായ പദ്ധതി
2. വിവാഹ സഹായം

**4. സെന്റ്. തോമസ്, തലവടി നോർത്ത്**
പ്രവർത്തനങ്ങൾ
1. ഭവനനിർമ്മാണ പദ്ധതി
2. ഭക്ഷണ വിതരണ പദ്ധതി

**5. സെന്റ്. കാതറിൻ, മാന്നാർ വെസ്റ്റ്**
പ്രവർത്തനങ്ങൾ
1. അനാഥാലയ സന്ദർശനം

**6. സെന്റ്. മേരീസ്, അമിച്ചകരി**
പ്രവർത്തനങ്ങൾ
1. അനാഥാലയ സന്ദർശനം

**7. സെന്റ്. മേരീസ്, ആലംതുരുത്തി**
പ്രവർത്തനങ്ങൾ
1. വൈദ്യസഹായ പദ്ധതി
2. ഭവന നിർമ്മാണം

**8. സെന്റ്. ജോർജ്ജ്, പുളിക്കീഴ്**
പ്രവർത്തനങ്ങൾ
1. ഭവനനിർമ്മാണ പദ്ധതി
2. വിദ്യാഭ്യാസ സഹായം

**9. സെന്റ്. മേരീസ്, ആലപ്പുഴ**
പ്രവർത്തനങ്ങൾ
1. ഭക്ഷണവിതരണ പദ്ധതി

## വെണ്ണിക്കുളം മേഖല

**1. ലിറ്റിൽ ഫ്ളവർ, മാരാമൺ**
പ്രവർത്തനങ്ങൾ
1. ഭവനനിർമ്മാണ പദ്ധതി
2. വൈദ്യസഹായ പദ്ധതി
3. വിദ്യാഭ്യാസ സഹായം
4. അനാഥാലയ സന്ദർശനം

**2. സെന്റ്. മേരീസ്, പൂവത്തൂർ**
പ്രവർത്തനങ്ങൾ
1. വൈദ്യസഹായ പദ്ധതി
2. വിവാഹ സഹായം
3. കാരുണ്യാലയ സന്ദർശനം

**3. സെന്റ്, തോമസ്, കാഞ്ഞിരപ്പാറ**
പ്രവർത്തനങ്ങൾ
1. വിദ്യാഭ്യാസ സഹായം
2. ബഥനി ജീവൻജ്യോതി സന്ദർശനം
3. എം. സി. ആർ. ഡി. സന്ദർശനം

**4. സെന്റ്. പീറ്റേഴ്സ്, കോയിപ്പുറം**
പ്രവർത്തനങ്ങൾ
1. വൈദ്യസഹായ പദ്ധതി
2. വിവാഹ സഹായം
3. വിദ്യാഭ്യാസ സഹായം

**5. സെന്റ്. ജോസഫ്, കുറിയന്നൂർ**
പ്രവർത്തനങ്ങൾ
1. ഭവനനിർമ്മാണ പദ്ധതി

**6. സെന്റ്. തോമസ്, വെണ്ണിക്കുളം**
പ്രവർത്തനങ്ങൾ
1. ഭവനനിർമ്മാണ പദ്ധതി
2. വിദ്യാഭ്യാസ സഹായം
3. ഭക്ഷണവിതരണ പദ്ധതി
4. വൈദ്യസഹായം
5. ജപ്തി ഒഴിവാക്കാൻ ധനസഹായം
6. ശവസംസ്കാരം

**7. സെന്റ്. ആന്റണീസ്, പുല്ലാട്**
പ്രവർത്തനങ്ങൾ
1. വൈദ്യസഹായ പദ്ധതി
2. ഭക്ഷണവിതരണ പരിപാടി

**8. സെന്റ്. ഫ്രാൻസിസ് സേവ്യർ, തെള്ളിയൂർ**
പ്രവർത്തനങ്ങൾ
1. വൈദ്യസഹായ പദ്ധതി
2. വിവാഹ സഹായം
3. കാരുണ്യാലയ സന്ദർശനം

## മല്ലപ്പള്ളി മേഖല

**1. സെന്റ്. ഫ്രാൻസിസ് സേവ്യർ, മല്ലപ്പള്ളി**
പ്രവർത്തനങ്ങൾ
1. വിദ്യാഭ്യാസ സഹായം
2. രക്തദാന ക്യാമ്പ്
3. പ്രൊവിഡൻസ് ഹോം വിസിറ്റ്
4. ഓണം കിറ്റ് വിതരണം

**2. ഹോളി ഫാമിലി**
പ്രവർത്തനങ്ങൾ
1. വൈദ്യസഹായ പദ്ധതി
2. വിദ്യാഭ്യാസ സഹായം

**3. സെന്റ്. ജോർജ്ജ് ചെങ്ങരൂർ**
പ്രവർത്തനങ്ങൾ
1. കുടുംബ പെൻഷൻ
2. വിവാഹ സഹായം
3. ഭക്ഷണവിതരണ പദ്ധതി

**4. സെന്റ്. മേരീസ്, മഞ്ഞത്താനം**
പ്രവർത്തനങ്ങൾ
1. ഭക്ഷണവിതരണ പദ്ധതി
2. വൈദ്യസഹായം

## റാന്നി മേഖല

**1. സെന്റ്. മേരീസ്, കുമ്പളംന്താനം**
പ്രവർത്തനങ്ങൾ
1. ഭവനനിർമ്മാണ പദ്ധതി
2. വിവാഹ സഹായം
3. വൈദ്യസഹായം

**2. സെന്റ്. ജൂഡ്, ആരീയ്ക്കൽ,**
പ്രവർത്തനങ്ങൾ
1. വൈദ്യസഹായം

**3. സെന്റ്. ആനന്റണീസ്, കളംമ്പാല**
പ്രവർത്തനങ്ങൾ
1. ഭക്ഷണവിതരണ പദ്ധതി
2. വൈദ്യസഹായം
3. മാനസിക വൈകല്ല്യകേന്ദ്ര സന്ദർശനം

**4. സെന്റ്. ആഗ്നെസ്, കാഞ്ഞിറ്റുകര**
പ്രവർത്തനങ്ങൾ
1. ഭവനനിർമ്മാണ പദ്ധതി
2. സ്നേഹ ഭവനം സന്ദർശനം
3. ഭക്ഷണവിതരണ പദ്ധതി
4. പ്രൊവിഡൻസ് ഹോം സന്ദർശനം
5. കരുണയുടെ കരസ്പർശം

**5. സെന്റ്. പാട്രിക്സ്, അയിരൂർ**
പ്രവർത്തനങ്ങൾ
1. മിഷൻ ഫണ്ട്
2. വിദ്യാഭ്യാസ സഹായം
3. ഭക്ഷണവിതരണ പദ്ധതി
4. വൈദ്യസഹായം
5. പ്രൊവിഡൻസ് ഹോം സന്ദർശനം
6. കരുണയുടെ കരസ്പർശം

**6. സെന്റ്. തോമസ്, തേക്കുംങ്കൽ**
പ്രവർത്തനങ്ങൾ
1. വസ്ത്ര വിതരണം
2. ആട് വിതരണം

**7. സെന്റ്. ജോസഫ്, പ്ലാങ്കമൺ**
പ്രവർത്തനങ്ങൾ
1. ഭവനനിർമ്മാണ പദ്ധതി

**8. സേക്രട്ട് ഹാർട്ട്, പൂഴിക്കുന്ന്**
പ്രവർത്തനങ്ങൾ
1. ഭവനനിർമ്മാണ പദ്ധതി
2. വിദ്യാഭ്യാസ സഹായം
3. ഭക്ഷണവിതരണ പദ്ധതി
4. വൈദ്യസഹായം
5. ആതുരാലയ സന്ദർശനം

## കട്ടപ്പന മേഖല

**1. സെന്റ്. ജോസഫ്, ആലടി**
പ്രവർത്തനങ്ങൾ
1. വിദ്യാഭ്യാസ സഹായം
2. വൈദ്യസഹായം

**2. സെന്റ്.ജൂഡ്, ആനവിലാസം**
പ്രവർത്തനങ്ങൾ
1. ഭക്ഷണവിതരണ പദ്ധതി
2. ശുചീകരണം
3. രോഗീ സന്ദർശനവും സഹായവും

**3. സെന്റ്. തോമസ്, കൊച്ചുകാമാക്ഷി**
പ്രവർത്തനങ്ങൾ
1. ഭവനനിർമ്മാണ പദ്ധതി

**4. സെന്റ്. ജൂഡ് ശാന്തിഗ്രാം**
പ്രവർത്തനങ്ങൾ
1. വൈദ്യസഹായം

**5. സെന്റ്. പോൾസ്, കട്ടപ്പന**
പ്രവർത്തനങ്ങൾ
1. രണ്ട് കുടുംബങ്ങൾക്ക് 3 സെന്റ് പട്ടയ ഭൂമി
2. ഭക്ഷണവിതരണ പദ്ധതി
3. വൈദ്യസഹായം

**6. സെന്റ്. മേരീസ്, മേരിഗിരി**
പ്രവർത്തനങ്ങൾ
1. ഭക്ഷണവിതരണ പദ്ധതി
2. വൈദ്യസഹായം
3. ശവസംസ്കാരം

**7. സെന്റ്. ജോസഫ്, തടിയംപാട്**
പ്രവർത്തനങ്ങൾ
1. വൈദ്യസഹായം

**8. സെന്റ്. ജോൺ പോൾ II, മുരിക്കാശേരി**
പ്രവർത്തനങ്ങൾ
1. ഭവനനിർമ്മാണ പദ്ധതി

**9. സെന്റ്. മേരീസ്, കരിക്കുംമേട്**
പ്രവർത്തനങ്ങൾ
1. വിദ്യാഭ്യാസ സഹായം
2. വൈദ്യസഹായം

**10. സെന്റ്. തോമസ്, പഴയരികണ്ടം**
പ്രവർത്തനങ്ങൾ
1. വിദ്യാഭ്യാസ സഹായം

**11. സെന്റ്. ജോസഫ്, വെൺമണി**
പ്രവർത്തനങ്ങൾ
1. ഭവനനിർമ്മാണ പദ്ധതി
2. വിദ്യാഭ്യാസ സഹായം
3. വൈദ്യസഹായം

**12. സെന്റ്. ജോർജ്ജ്, ഉടുമ്പൻചോല**
പ്രവർത്തനങ്ങൾ
1. ആകാശപറവകളുടെമന്ദിരം സന്ദർശനം

**13. സെന്റ്. മേരീസ്, കോമ്പയാർ**
പ്രവർത്തനങ്ങൾ
1. വൈദ്യസഹായം
2. ആകാശപറവകളുടെമന്ദിരം സന്ദർശനം





**M - 120**

മലങ്കര കത്തോലിക്കാ യുവതി (26/166) തിരുവല്ല അതിരൂപത BSc. Nurse. വിദേശത്തുള്ള യുവാക്കളുടെ മാതാപിതാക്കളിൽ നിന്നും ആലോചനകൾ ക്ഷണിക്കുന്നു. Contact: 9744053158, 9447569186

**M - 121**

റാന്നി മേഖലയിൽപ്പെട്ട മലങ്കര കത്തോലിക്കാ യുവതി (27/158) SAUDI (Reyadh)മിനിസ്ട്രിയിൽ BSc. Nurse.ഏപ്രിൽ മാസം നാട്ടിൽ എത്തും. അനുയോജ്യരായ യുവാക്കളുടെ മാതാപിതാക്കളിൽ നിന്നും ആലോചനകൾ ക്ഷണിക്കുന്നു.
Contact: 8289964713, 9744633084

# കാരുണ്യവർഷം ഇടവകകളിലൂടെ...



## പാവനസ്മരണയ്ക്ക്
## സ്വർഗ്ഗത്തിലെ നാലാം പിറന്നാൾ



**ബിജോ തോമസ് (അപ്പൂസ്)**

**മടയ്ക്കൽ**

ജനനം : 07/09/1994 മരണം : 13/11/2012

**പ്രാർത്ഥനയോടെ**

**ചാച്ചിയും, അമ്മയും, ചേട്ടായിയും, അമ്മച്ചിയും**

## സ്നേഹദീപം അണഞ്ഞിട്ട് ഒരു വർഷം



**ബാബു പി. പി**

**മാവുനിൽക്കുന്നതിൽ**

ബിജിൻ ഭവൻ, കുമ്പനാട്

ജനനം : *20-05-1965*

മരണം : *01-11-2015*

*"നിൻ്റെ മഹത്ത്വമുദിക്കും നാഥാ നിൽക്കണമവർ വലഭാഗത്തിൽ"*

ഭാര്യ : സാലി ബാബു

മക്കൾ : ബിജില ബാബു, ബിജിൻ ബാബു

## രണ്ടാം ചരമവാർഷികം



**മോളി തോമസ്**

വടശ്ശേരിൽ, തോട്ടഭാഗം

പ്രാർത്ഥനയോടെ

ഭർത്താവ് - തോമസുകുട്ടി (ബാബുക്കുട്ടി)

മക്കൾ - സരുൺ, അരുൺ

മരുമക്കൾ - സിനി, മെറിൻ

കൊച്ചുമകൾ - ജിയാന


NABARD

ROYAL FARMER'S CLUB

RURAL MART PATHANAMTHITTA

Supported by NABARD

വിപണിയിൽ ലഭ്യമാകുന്ന ഉല്പന്നങ്ങൾ

കാർഷിക ഉല്പന്നങ്ങൾ :

❖ വൻതേൻ ❖ അഗ്മാർക്ക് തേൻ ❖ ചെറുതേൻ ❖ മറ്റ് തേനുല്പന്നങ്ങൾ ❖ റൈസ് പൗഡർ

❖ ചിപ്സ് ❖ ഫ്രൂട്സ് സിറപ്പ് ❖ കറിപൗഡറുകൾ ❖ കോക്കനട്ട് ഓയിൽ

കരകൗശല ഉല്പന്നങ്ങൾ :

ചെറുകിട ഉല്പന്നങ്ങൾ :

❖ നോട്ട് ബുക്സ് ❖ സോപ്പ് ❖ മെഴുകുതിരി മുതലായവ...



Agmark

fssai


Food Safety and Standards Authority of India



അംഗീകാരമുള്ള ഉല്പന്നങ്ങൾ

പത്തനംതിട്ട

ജോയന കോംപ്ലക്സ്, കടമ്മനിട്ട റോഡ്, പേട്ട, പത്തനംതിട്ട - 689 645




# തിരുവല്ലാ അതിരൂപതാ കാരുണ്യവർഷ സംക്ഷിപ്ത റിപ്പോർട്ട്

2015 ഡിസംബർ 8-ാം തീയതി പരിശുദ്ധ ദൈവ മാതാവിന്റെ അമലോത്ഭവ തിരുനാൾ മുതൽ 2016 നവംബർ 20 ക്രിസ്തുരാജത്വ തിരുനാൾ വരെയുള്ള കാരുണ്യത്തിന്റെ അസാധാരണ ജൂബിലി വർഷമായി പരിശുദ്ധ ഫ്രാൻസീസ് മാർപാപ്പ ആഹ്വാനം ചെയ്തപ്പോൾ അതിനുമുമ്പേ തന്നെ ദൈവനിയോഗമെന്നവണ്ണം തിരുവല്ല അതിരൂപത മലങ്കര കത്തോലിക്കാസഭയുടെ 85-ാം പുനരൈക്യ വാർഷികത്തിന് വേദിയാകുമ്പോൾ ദൈവകാരുണ്യമായിരിക്കണം സഭാസംഗമത്തിന്റെ മുഖമുദ്ര എന്ന് അഭിവന്ദ്യ തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്തയിലൂടെയും അഭിവന്ദ്യ ഫിലിപ്പോസ് മാർ സ്തേഫാനോസ് പിതാവിലൂടെയും വെളിവാക്കി.



**ഫാ. മാത്യു പുനക്കുളം**
കാരുണ്യ വർഷാചരണ കമ്മറ്റി ചെയർമാൻ

1 ലക്ഷം അവയവദാന സമ്മതപത്രം രൂപീകരിക്കുന്നതിലൂടെയും 3000 സൗജന്യ ഡയാലിസില്, 85 സൗജന്യ ഹൃദയശസ്ത്രക്രിയ എന്നീ പദ്ധതികളുടെ രൂപീകരണം കാരുണ്യ വർഷത്തിലേക്ക് പുനരൈക്യ വാർഷികത്തിലൂടെ തിരുവല്ല രൂപതയ ഒരുക്കി.

അതിരൂപതയുടെ കേന്ദ്ര, മേഖലാ ഇടവക തലങ്ങളിൽ വ്യത്യസ്തങ്ങളായ പദ്ധതികളും പരിപാടികളും ക്രമീകരിച്ചുകൊണ്ട് ഒരുവർഷക്കാലം തുടർന്ന കാരുണ്യവർഷ പരിപാടികൾക്ക് ഇന്ന് തിരശ്ശീല വീഴുമ്പോൾ നമ്മുടെ അതിരൂപതയുടെ ആഭിമുഖ്യത്തിൽ നടപ്പാക്കിയ പരിപാടികളുടെ ഒരു സംഗ്രഹം തയ്യാറാക്കുവാൻ 15-ാം അജപാലനസമിതിയുടെ 6-ാം യോഗം 10 പേരടങ്ങുന്ന ഒരു കമ്മറ്റിയെ നിയോഗിച്ചു.

ഈ കമ്മറ്റി അതിരൂപതുടെ വിവിധ ശുശ്രൂഷാതലങ്ങളിലെ ആത്മീയ, ഭൗതീക മേഖലകളിലെ പ്രവർത്തനങ്ങൾ ക്രോഡീകരിക്കാനായി അതിരൂപതയിലെ എല്ലാ ഇടവകകൾക്കും, സ്ഥാപനങ്ങൾക്കും, ഭക്തസംഘടനകൾക്കും ഡേറ്റാ കളക്ഷൻ ഫോർമാറ്റ് നൽകുകയും ലഭ്യമായ വിവരങ്ങളുടെ ഒരു സംക്ഷിപ്തരൂപം ഈ യോഗത്തിൽ അവതരിപ്പിക്കുകയും ചെയ്യുന്നു.

**1. ആത്മീയതലം**

നമ്മുടെ ഓരോ ഭവനങ്ങളിലും ഇടവകകളിലും സ്ഥാപനങ്ങളിലും ഈ വർഷത്തിന്റെ പ്രത്യേക പ്രാർത്ഥനകൾ നടത്തുവാനായി ആഹ്വാനം നൽകുകയും പ്രത്യേകമായി തയ്യാർ ചെയ്ത പ്രാർത്ഥന

കൾ നൽകുകയും ചെയ്തു. അതിരൂപതയുടെ ആഭിമുഖ്യത്തിൽ 3 കാരുണ്യ കവാടങ്ങൾ സ്ഥാപിക്കുകയുണ്ടായി. തിരുവല്ലാ മെത്രാപ്പോലീത്തൻ കത്തീഡ്രൽ, ഹൈറേഞ്ചിനുവേണ്ടി കുമളി സെന്റ് മേരീസ് പള്ളിയിലും വാഗമൺ കുരിശുമല ആശ്രമത്തിലും കാരുണ്യ കവാടങ്ങൾ സ്ഥാപിച്ചു. വ്യത്യസ്തങ്ങളായ ആത്മീയ പരിപാടികൾ ഇടവകകളും സ്ഥാപനങ്ങളും ഭക്തസംഘടനകളും സംഘടിപ്പിച്ചു. കാരുണ്യ തീർത്ഥാടനങ്ങൾ, ധ്യാനയോഗങ്ങൾ, വി. കുർബ്ബാനയുടെ ആരാധന, കരുണക്കൊന്ത, ജപമാലറാലി, അഖണ്ഡപ്രാർത്ഥനകൾ, രോഗീസന്ദർശനങ്ങൾ, ഭവനസന്ദർശനങ്ങൾ, പ്രാർത്ഥന കൂട്ടായ്മ, കൗൺസിലിംഗ് ഇവയോടൊപ്പം ഇടവക പെരുന്നാളുകളും തിരുനാളുകളും ലളിതമാക്കി ഈ വർഷത്തിന്റെ പ്രാധാന്യം പൊതുസമൂഹത്തിന് സാക്ഷ്യമായി.

**2. ഭൗതികതലം**

അതിരൂപതയുടെ കേന്ദ്രതലത്തിൽ നടപ്പിലാക്കിയ സൗജന്യ ഡയാലിസിസ് പദ്ധതിയിലൂടെ 245 പേർക്ക് 2500 ഡയാലിസിസ് നടത്തി. 2,45,000 രൂപ ഇതിനുവേണ്ടി ചിലവഴിച്ചു. സൗജന്യ ഹൃദയശസ്ത്രക്രിയ 45 പേർക്ക് പൂർണ്ണമായും, 18 പേർക്ക് ഭാഗികമായും നൽകുകയും ചെയ്തു. 53,00,000 രൂപ ഈ നിയോഗത്തിനായി ചെലവഴിച്ചു.

ഭവന നിർമ്മാണത്തിനായി 8,00,000 രൂപയും, വിദ്യാഭ്യാസ സഹായത്തിനായി 6,00,000 രൂപയും വിവാഹ ആവശ്യത്തിനായി 10,00,000 രൂപയും നൽകികൊണ്ട് ആകെ 95,50,000 രൂപ (95 ലക്ഷത്തി അമ്പതിനായിരം) അതിരൂപതാ കേന്ദ്രതലത്തിൽ വിനിയോഗിച്ചു. അതിരൂപതയുടെ പ്രധാന സ്ഥാപനങ്ങളുടെ കാരുണ്യവർഷ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

**1. പുഷ്പഗിരി**

സഭയുടെ ആതുരശുശ്രൂഷയുടെ മുഖമുദ്രയായ പുഷ്പഗിരി മെഡിക്കൽ കോളജ് ആശുപത്രി വിവിധങ്ങളായ ആത്മീക ഭൗതിക പ്രവർത്തനങ്ങൾക്ക് ഈ വർഷം നേതൃത്വം നൽകി.

പുഷ്പഗിരി കിഡ്നി ഫൗണ്ടേഷൻ, സ്റ്റാഫ് വെൽഫെയർ ഫണ്ട്, സ്റ്റുഡൻസ് മിത്ര പ്രോജക്ട്, സൈക്യാട്രി ഡിപ്പാർട്ട്മെന്റിന്റെ ആഭിമുഖ്യത്തിലുള്ള മാനസമിത്രം., പാവപ്പെട്ട രോഗികളെ സഹായിക്കാനുള്ള മദർ തെരേസ കാരുണ്യ പദ്ധതി, പ്രത്യേക ദിനാചരണങ്ങൾ, പുഷ്പഗിരി കുട്ടികളുടെ കാരുണ്യസംഗമം എന്നിവ ഈ വർഷം സംഘടിപ്പിച്ചു. ഈ വർഷത്തെ കാരുണ്യ പ്രവർത്തനങ്ങൾക്കായി 6 കോടി 50 ലക്ഷം രൂപയോളം വിനിയോഗിച്ചു.

**2. ബോധന**

തിരുവല്ല അതിരൂപതയുടെ സാമൂഹ്യക്ഷേമ വിഭാഗമായ ബോധന കുടുംബ സഹായ പദ്ധതി, ചികിത്സാ സഹായ പരിപാടികൾ, വിദ്യാഭ്യാസ സഹായ പദ്ധതി എന്നിവയ്ക്കായി 44,60,126 രൂപ ചിലവഴിച്ചു.

**3. സീരി**

കോട്ടയം ആസ്ഥാനമായി പ്രവർത്തിക്കുന്ന സീരിയുടെ ആഭിമുഖ്യത്തിൽ ചികിത്സാ, വിദ്യാഭ്യാസ സഹായം 80,976 രൂപാ ചിലവഴിച്ചു.

**4. കോളജുകൾ**

മാക്ഫാസ്റ്റ് കോളജിന്റെയും, റേഡിയോയുടെയും ആഭിമുഖ്യത്തിൽ കാരുണ്യ പ്രവർത്തനങ്ങൾക്കായി 1,75,500 രൂപയും, സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്കായി 40,00,000 രൂപ സ്കോളർഷിപ്പായും ചിലവഴിച്ചു.

സഹ്യജ്യോതി, കുമളി – വിദ്യാഭ്യാസ സഹായമായി 24,000 രൂപയും, ചികിത്സയ്ക്കായി 20,000 രൂപയും നൽകി.

മിക്ഫാസ്റ്റ്, മല്ലപ്പള്ളി – 250 രോഗികൾക്ക് രക്തദാനം നൽകി കാരുണ്യവർഷ പരിപാടികളിൽ പങ്കാളിയായി.

കോർപ്പറേറ്റീവ് മാനേജ്മെന്റ് സ്കൂൾ – തിരുവല്ല അതിരൂപതയിലെ സ്കൂളുകളിൽ നിന്നായി 1,57,160 രൂപ വിവിധങ്ങളായ കാരുണ്യ പ്രവർത്തനങ്ങൾക്ക് നൽകുകയുണ്ടായി. ഇംഗ്ലീഷ് മീഡിയം സ്കൂൾ – അതിരൂപതയുടെ ആഭിമുഖ്യത്തിലുള്ള ഇംഗ്ലീഷ് മീഡിയം സ്കൂളുക്കളുടെ ഈ വർഷത്തെ കാരുണ്യ പ്രവർത്തനങ്ങൾക്ക് 15,00,000 രൂപ ചിലവഴിച്ചു.


**ഭക്തസംഘടനകൾ (കേന്ദ്രതലം)**

1. MCCL – അതിരൂപതാ കലോത്സവത്തോടനുബന്ധിച്ച് MCCL അംഗങ്ങൾ കാരുണ്യ പ്രതിജ്ഞ ചെയ്തു.

2. MCYM – രോഗീസന്ദർശനങ്ങൾ, ഉച്ചഭക്ഷണവിതരണം എന്നിവയ്ക്ക് നേതൃത്വം നൽകി.

3. MCA – ഭക്ഷണവിതരണം, രോഗീപരിചണം എന്നിവയും 1,00,000 രൂപ ഡയാലിസിസിനും നൽകി.

4. Vincent de paul – കാരുണ്യ ഭവനങ്ങൾ സന്ദർശിക്കുകയും സാധു കുടുംബങ്ങളെ സഹായിക്കുകയും ചെയ്തു.



**യൂദാശ്ലീഹായോടുള്ള പ്രാർത്ഥന**

മിശിഹായുടെ ചാർച്ചക്കാരനും/ വിശ്വസ്തദാസനുമായ വി. യൂദാതദേവൂസേ/ ഒറ്റിക്കൊടുത്തവന്റെ പേരുമൂലം മഹിമയേറിയ അപ്പസ്തോലനായ അങ്ങ്/ വിസ്മരിക്കപ്പെടുവാൻ കാരണമായി./ എന്നാൽ കത്തോലിക്കാസഭ മുഴുവനും/ അങ്ങയെ നിരാശരുടേയും അസാദ്ധ്യകാര്യങ്ങളുടെയും / മദ്ധ്യസ്ഥനായി ബഹുമാനിക്കുകയും / അങ്ങയോട് അഭ്യർത്ഥിക്കുകയും ചെയ്യുന്നുവല്ലോ./ നിരവധി ക്ലേശങ്ങൾ അനുഭവിക്കുന്ന എനിക്ക് / അങ്ങയുടെ മദ്ധ്യസ്ഥതയിൽ **(ഇവിടെ ആവശ്യം പറയുക)** / ഈ അനുഗ്രഹം സാധിച്ചു തരണമേ. / എന്റെ എല്ലാ ആവശ്യങ്ങളിലും / വിശിഷ്യ ഇപ്പോൾ എനിക്കു നേരിട്ടിരിക്കുന്ന ആപത്തിലും / എന്നെ പ്രത്യേകം സംരക്ഷിക്കണമേ. / ഈ ഉപകാരം ഞാൻ എന്നും ഓർത്തുകൊള്ളാമെന്നും / എന്റെ പ്രത്യേക മദ്ധ്യസ്ഥനായി / അങ്ങയെ നിരന്തരം ബഹുമാനിച്ചു കൊള്ളാമെന്നും / ഞാൻ വാഗ്ദാനം ചെയ്യുന്നു.

**ഷെബിൻ**

5. മാതൃസമാജം – പ്രസവശുശ്രൂഷക്കായി 85,000 രൂപ നൽകി.

6. കുടുംബ പ്രേക്ഷിത കാര്യാലയം – കാര്യാലയത്തിന്റെ ആഭിമുഖ്യത്തിൽ 50,000 രൂപ വിവാഹ സഹായ നിധിയായി നൽകി.

### ഇടവക തലം

തിരുവല്ല അതിരൂപതയുടെ 9 മേഖലകളിലായി 136 ഇടവകകളിൽ നിന്നും 76 ഇടവകകളുടെ ലഭ്യമായ വിവരങ്ങളിൽ നിന്നുമുള്ള പ്രവർത്തനറിപ്പോർട്ട് ചുവടെ ചേർക്കുന്നു.

| | |
|---|---|
| ഭവന നിർമ്മാണം | 75,68,220 |
| വൈദ്യസഹായം | 16,77,570 |
| വിദ്യാഭ്യാസ സഹായം | 7,52,403 |
| ഭക്ഷണ വിതരണം | 2,48,450 |
| വിവാഹ സഹായം | 5,81,500 |
| അനാഥാലയ സന്ദർശനങ്ങൾ | 3,07,850 |
| മിഷൻ പ്രവർത്തനങ്ങൾ + ദേവാലയ നിർമ്മാണ സഹായം, ആദ്യ കുർബ്ബാന, ജപ്തി ഒഴിപ്പിക്കൽ സഹായം | 14,61,500 |
| കുടുംബപെൻഷൻ | 10,000 |
| കുടിശ്ശിക വിതരണം | 3,83,000 |
| **ആകെ** | **1,29,32,493** |

അതിരൂപതയുടെ കേന്ദ്ര ഇടവക സംഘടന സ്ഥാപനങ്ങളുടെ ആഭിമുഖ്യത്തിൽ കാരുണ്യ വർഷത്തിലെ വിവിധ പ്രവർത്തനങ്ങൾക്കായി ചിലവഴിച്ച ആകെ തുക – 9,81,35,255 രൂപ (ഒൻപതുകോടി എൺപത്തിഒന്നും ലക്ഷത്തി മുപ്പത്തയ്യായിരത്തി ഇരുന്നൂറ്റി അൻപത്തഞ്ച്).

**ഉപസംഹാരം**

സഭയുടെ പ്രവർത്തനങ്ങളെ വിമർശനാത്മകമായി കാണുന്ന ഈ ആധുനിക കാലഘട്ടത്തിൽ മനുഷ്യ നന്മയുടെ പ്രതീകമായി കാരുണ്യത്തിന്റെ നീട്ടിയ കരങ്ങൾ സഭയിലൂടെ പ്രവർത്തിക്കുന്നു എന്ന തിരിച്ചറിവ് ഈ സമൂഹത്തിന് പ്രദാനം ചെയ്യുവാനുള്ള പരിശ്രമമാണ് ഈ കമ്മറ്റി ചെയ്തത്. തിരുവല്ല അതിരൂപതയുടെ വിവിധ ഇടവകയുടെയും സ്ഥാപനങ്ങളുടെയും ഭക്തസംഘടനകളുടെയും ശുശ്രൂഷ എത്രമാത്രം മഹത്തരമാണെന്ന് ഈ സമൂഹത്തോട് പറയുന്നതിൽ ഞങ്ങൾക്ക് ചാരിതാർത്ഥ്യമുണ്ട്.

ഈ കമ്മറ്റി 7 തവണ കൂടുകയും റിപ്പോർട്ടുകൾ ക്രോഡീകരിക്കുകയും വിശകലനം ചെയ്യുകയും ചെയ്തു. അതിന്റെ അടിസ്ഥാനത്തിൽ കമ്മറ്റിക്ക് ലഭ്യമായ വിവരങ്ങൾ അനുസരിച്ച് ശ്രേഷ്ഠമായ പ്രവർത്തനങ്ങൾ കാഴ്ച വച്ച കോട്ടയം മേഖലയിലുള്ള 22 കുടുംബങ്ങൾ മാത്രമുള്ള കുമരകം സെന്റ് മേരീസ് ഇടവകയെ കാരുണ്യ വർഷത്തിലെ മാതൃക പ്രവർത്തനങ്ങൾക്കുള്ള അവാർഡിനായി കമ്മറ്റി ശുപാർശ ചെയ്യുകയും വികാരി ബഹു. ചെറിയാൻ താഴമണ്ണിൽ അച്ചനും ഇടവകകാർക്കും അനുമോദനങ്ങൾ അർപ്പിക്കുകയും ചെയ്യുന്നു.


**താമസിച്ചതിൽ ക്ഷമാപണം**



**ജോർജ്ജ് വർഗ്ഗീസ്**

**ഉദ്ദിഷ്ട കാര്യം സാധിച്ചതിന് ഉപകാരസ്മരണ**



**ഒരു വിശ്വാസി ചെങ്ങരൂർ**

**ഉപകാരസ്മരണ**




**ഒരു വിശ്വാസി തോട്ടഭാഗം**

**ഉദ്ദിഷ്ട കാര്യത്തിന് ഉപകാരസ്മരണ**



**ജ്യോതിസ് എൽസാ ജോസ് കാട്ടൂർ**

**യൂദാശ്ലീഹായോടുള്ള പ്രാർത്ഥന**

മിശിഹായുടെ ചാർച്ചക്കാരനും/ വിശ്വസ്തദാസനുമായ വി. യൂദാതദേവൂസേ/ ഒറ്റിക്കൊടുത്തവന്റെ പേരുമൂലം മഹിമയേറിയ അപ്പസ്തോലനായ അങ്ങ്/ വിസ്മരിക്കപ്പെടുവാൻ കാരണമായി./ എന്നാൽ കത്തോലിക്കാസഭ മുഴുവനും/ അങ്ങയെ നിരാശരുടേയും അസാദ്ധ്യകാര്യങ്ങളുടെയും / മദ്ധ്യസ്ഥനായി ബഹുമാനിക്കുകയും / അങ്ങയോട് അഭ്യർത്ഥിക്കുകയും ചെയ്യുന്നുവല്ലോ./ നിരവധി ക്ലേശങ്ങൾ അനുഭവിക്കുന്ന എനിക്ക് / അങ്ങയുടെ മദ്ധ്യസ്ഥതയിൽ **(ഇവിടെ ആവശ്യം പറയുക)** / ഈ അനുഗ്രഹം സാധിച്ചു തരണമേ. / എന്റെ എല്ലാ ആവശ്യങ്ങളിലും / വിശിഷ്യ ഇപ്പോൾ എനിക്കു നേരിട്ടിരിക്കുന്ന ആപത്തിലും / എന്നെ പ്രത്യേകം സംരക്ഷിക്കണമേ. / ഈ ഉപകാരം ഞാൻ എന്നും ഓർത്തുകൊള്ളാമെന്നും / എന്റെ പ്രത്യേക മദ്ധ്യസ്ഥനായി / അങ്ങയെ നിരന്തരം ബഹുമാനിച്ചു കൊള്ളാമെന്നും / ഞാൻ വാഗ്ദാനം ചെയ്യുന്നു.

**ഒരു വിശ്വാസി, പുല്ലാട്**

## ബേത്‌ലഹേം ഓഡിയോ സി.ഡി. പ്രകാശനം ചെയ്തു

പായിപ്പാട് : ഞാഴിശ്ശേരിൽ ലിനേയുടെ സ്മരണയ്ക്കായി അനിയൻ ഞാഴിശ്ശേരിൽ രചിച്ച് ജേക്കബ് ജോൺ സംഗീതം നിർവഹിച്ച ബേത്‌ലഹേം എന്ന ഓഡിയോ സി. ഡിയുടെ പ്രകാശന കർമ്മം തിരുവല്ല അതിരൂപതാദ്ധ്യക്ഷൻ അഭി. തോമസ് മാർ കൂറിലോസ് പിതാവ് നിർവഹിച്ചു. ഫാ. ലാസറസ് ഓ. ഐ. സി., ഫാ. ജോസ് കല്ലുമാലിക്കൽ, ഫാ. മാത്യു പുന്നക്കുളം, ശ്രീമതി. റാണി ജോസഫ് തോപ്പിൽ, ശ്രീ. ജോസഫ് തോമസ്, ശ്രീ. ഏബ്രഹാം മുളമ്മൂട്ടിൽ, ശ്രീ. വർഗീസ് തോപ്പിൽ, ശ്രീ. ജേക്കബ് ജോൺ, ശ്രീ. ബിനു നടുവിലേടം, ശ്രീമതി. റാണി മാത്യു പ്ലാന്തോട്ടം എന്നിവർ ആശംസകൾ അർപ്പിച്ചു. അനിയൻ ഞാഴിശ്ശേരിൽ നന്ദി പറഞ്ഞു.

## അഭിനന്ദനങ്ങൾ



**ALEENA MERIN JOSEPH**

MANAPURATH, KUMARAKOM.
M.C.Y.M KUMARAKOM UNIT SECRETARY & CATECHISM TEACHER.
Works as a psychiatric councilor.
Elected to The Board of Studies of the St. Berchman's autonomous college, Changanacherry

## അഭിനന്ദനങ്ങൾ



എം. ജി. യൂണിവേഴ്സിറ്റിയിൽ ഇലക്ട്രിക്കൽ & ഇലക്ട്രോണിക് (M.Tech) എൻജിനിയറിംഗിൽ പവർ ഇലക്ട്രോണിക്സ് & പവർ സിസ്റ്റം പരീക്ഷയിൽ 1-ാം റാങ്ക് ലഭിച്ച **ജെനീന ബാബു** ( അമൽ ജ്യോതി എൻജിനിയറിംഗ് കോളേജ് കാഞ്ഞിരപ്പള്ളി) മല്ലപ്പള്ളി പടുവയിൽ പടിഞ്ഞാറേക്കുറ്റ് ബാബുവിന്റെയും, ജസ്സിയുടെയും മകളാണ്. ചെങ്ങരൂർ വി. ഗീവർഗീസിന്റെ മഹത്തായ ഇടവകയിലെ അംഗമാണ്.

## ബൈബിൾ കലോത്സവം 2016 – 17



ബൈബിൾ കലോത്സവം 2016–17 തിരുവല്ല അതിരൂപതാ വികാരി ജനറാൾ മോൺ.ആന്റണി ചെത്തിപ്പുഴ ഉദ്ഘാടനം ചെയ്യുന്നു.


പാവനസ്മരണയ്ക്ക്
സ്വർഗ്ഗത്തിലെ 3–ാം പിറന്നാൾ
ലിനോ എം. ജോർജ്ജ്
ഞാഴിശ്ശേരിൽ പായിപ്പാട്ട്
ജനനം : 15 – 10 – 1994
മരണം : 07 – 07 – 2013
പ്രാർത്ഥനയോടെ പിതാവ് അനിയൻ
മാതാവ് ലീന, സഹോദരൻ റിനോ
ഞാഴിശ്ശേരിൽ പായിപ്പാട്


LINO & RINO AUDIOS PRESENTS
ബേത്‌ലഹേം
BETHLEHEM
ക്രിസ്മസ് ഗാനങ്ങൾ
ഭക്തിസാന്ദ്രമായ
ക്രിസ്തമസ് ഗാനങ്ങൾ
ഇപ്പോൾ വിപണിയിൽ
വില. 100 രൂപ
LYRICS:
ANIYAN NJAZHISSERIL PAIPPAD
MUSIC:
JACOB JOHN THIRUVALLA
& ANIYAN NJAZHISSERIL






## 13th Death Anniversary

Your Life was a blessing,
Your memmory is a treasure
You are loved beyond work,
Missd beyond measure
Guide us to the beautyful shore

Fond Rememberance
N. K. Cherian & Family
(Eraviperoor)
Sr. Sara
Sr. Dorothy S.I.C
Late. Kunjamma & Family
Achamma V. Thomas & Family

**Fr. Thomas Neelampilalil**




തിരുവല്ല സെന്റ് ജോൺസ് മെത്രാപ്പോലീത്തൻ കത്തീഡ്രൽ ഇടവകയിൽ ഇടശ്ശേരിൽ ഏബ്രഹാം ഐ മാത്യുവിന്റെയും ഓമന ഏബ്രഹാമിന്റെയും മകൻ **കെവിൻ മാത്യുവും** വളകോട് കിഴക്കേക്കരയിൽ ദാനിയേൽ കെ. ഓ യുടെയും എൽസി ദാനിയേലിന്റെയും മകൾ **അനുമോൾ കെ. ദാനിയേലും** തമ്മിലുള്ള വിവാഹം 2016 സെപ്റ്റംബർ 17ാം തീയതി സെന്റ് ജോൺസ് മെത്രാപ്പോലീത്തൻ കത്തീഡ്രലിൽവച്ച് **ബഹു. തോമസുകുട്ടി പതിനെട്ടിലച്ചന്റെ** കാർമ്മീകത്വത്തിൽ ആശീർവദിക്കപ്പെട്ടു.




വാളക്കുഴി സെന്റ് ജോസഫ് മലങ്കര കത്തോലിക്കാ ഇടവകയിൽ തെക്കേമണ്ണിൽ ചാക്കോ കോശിയുടെയും അന്നമ്മ കോശിയുടെയും മകൻ **രെഞ്ചു ചാക്കോയും** പാലാ രൂപത ജയ്ഗിരി ക്രിസ്തുരാജ് ഇടവക കുളംകൊമ്പിൽ ബാബു ജോർജിന്റെയും ഷൈനി ബാബുവിന്റെയും മകൾ **ബീര ബാബുവും** തമ്മിലുള്ള വിവാഹം **2016 നവംബർ 17–ാം തീയതി സെന്റ് ജോസഫ് മലങ്കര കത്തോലിക്കാ ഇടവകയിൽ വച്ച് ബഹു. വർഗ്ഗീസ് തെക്കേമണ്ണിൽ** അച്ചന്റെ മുഖ്യകാർമ്മികത്വത്തിൽ ആശിർവദിക്കപ്പെട്ടു.

Date of Publication: 28-12-2016
Price ₹ 10/-

**AIKYADEEPAM MONTHLY**
Marygiri, Tiruvalla, Kerala.
Ph: 0469-2600626. Fax: 0469-2600822

**R.N.I. 35982/80**
**November - December 2016**


# വിട്ടുവീഴ്ചയില്ലാത്ത വിശ്വാസം ഉണർവ്വേകുന്ന പ്രതീക്ഷയും

## ആറു പതിറ്റാണ്ടുകളായി ഞങ്ങളെ മുന്നോട്ടു നയിക്കുന്ന ബന്ധങ്ങൾ

1200 ബെഡ്ഡുകളോടു കൂടിയ ടേർഷ്യറി കെയർ ആശുപത്രിയും മെഡിക്കൽ കോളേജും

32 സ്പെഷ്യാലിറ്റി & 16 സൂപ്പർ സ്പെഷ്യാലിറ്റി ഡിപ്പാർട്ട്മെന്റുകൾ
ലോകനിലവാരത്തിലുള്ള മികവുറ്റ സാങ്കേതികനിലവാരവും സൗകര്യങ്ങളും പ്രഗത്ഭരായ ഡോക്ടർമാരും

അറുപതു വർഷക്കാലമായി പതിനായിരങ്ങളുടെ വിശ്വാസമാർജ്ജിച്ചു കൊണ്ട് ഞങ്ങൾ നിങ്ങൾക്കൊപ്പം



CENTRES OF EXCELLENCE IN:

CARDIOLOGY | OBSTETRICS & GYNAECOLOGY | NEONATOLOGY | PAEDIATRIC | ORTHO & TRAUMA CARE | ARTHROSCOPY & SPORTS MEDICINE | NEUROLOGY | CANCER CARE | DIABETICS | CHILD DEVELOPMENT CENTRE

PUSHPAGIRI MEDICAL COLLEGE HOSPITAL
We care God cures
THIRUVALLA - 689101
www.pushpagiri.in
0469 - 2700755


*Printed and Published by Fr. Thomas Kodinattumkunnel, Published from Marygiri, Archbishop's House, Tiruvalla, Kerala and Printed at Dona Press, Kottayam. Kerala, Chief Editor : Fr. Varghese Chamakalayil*